www.malankaralibrary.com

# ബഥനിശബ്ദം

ഡിസംബർ 2020



www.malankaralibrary.com


# BETHANY SABDAM

No. 121 2020 December

**Editor**

Fr. Varghese Vijayanand OIC

**Editorial Board**

Fr. Antony Padipurackal OIC

Fr. John Britto Charivukalayil OIC

Fr. Geevarghese Thiruvalil OIC

**Circulation Manager**

Fr. Varghese Thykkoottathil OIC

**Printed at**

Bethany Press, Kottayam - 686010

Ph: 0481 - 2571355

e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate

P.B.No. 06, Vadavathoor P.O.,

Kottayam - 686 010, KERALA

Ph: 0481 - 2578494 (Monday - Saturday from 9.30 AM to 5.00 PM)

web: www.bethanyashram.com

e-mail: oic.infonews@gmail.com

www.malankaralibrary.com

# ഉൾത്താളുകളിൽ


മുഖമൊഴി 3
ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി

ദൈവരാജ്യത്തിന്റെ കാവൽക്കാരൻ 5
വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.

ഔപചാരികതകളില്ലാതെ ഒരു ജീവിതം 7
വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി

സന്ന്യാസത്തെ സ്നേഹിച്ച യുവസൈനികൻ 9
വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി
ബഹു.തോമസ് വടവന അച്ചൻ

ബഥനിയുടെ പ്രേഷിത ചൈതന്യത്താൽ നിറഞ്ഞ സന്യാസി 12
ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

A Tribute to Father Achacha 18
Mr. Eapachen Vadavana Abraham

ബഥനിയിലെ സ്നേഹത്തിന്റെയും നന്മയുടെയും പ്രഭാകിരണം. 20
റവ. സി. അനെറ്റ് എസ്.ഐ.സി.

ഫാ. തോമസ് വടവന ഒ.ഐ.സി. നിഷ്കപടനായ ഒരു യഥാർത്ഥ ബഥാന്യൻ 23
ഫാ. മത്തായി കടവിൽ ഒ.ഐ.സി.

ഫേസ് ബുക്കിൽ നിന്നും ഒരു അനുശോചനാ കുറിപ്പ് 31
അബ്ജോ വടവന

അസാധാരണനായ സാധാരണൻ 33
ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.

The Tale of a Lovely Grin 36
Bro. Renju Francis

തോമസ് അച്ചനെ ഓർക്കുമ്പോൾ 39
ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.

അവൻ മരിച്ചപ്പോൾ മനുഷ്യവർഗ്ഗമാകെ മരിച്ചു 44

മാർ ഈവാനിയോസിന്റെ ആശ്രമവാസം 46

www.malankaralibrary.com

# മുഖമൊഴി...

വിശുദ്ധ സമർപ്പണത്തിന്റെ ബഥനിയിലെ ആൾരൂപമായിരുന്നു ബഹു.തോമസ് വടവനയച്ചൻ. നമ്മിൽ നിന്നും വാങ്ങിപ്പോയ ആ പാവന ആചാര്യന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഈ ലക്കം ബഥനി ശബ്ദം അച്ചന്റെ സ്മരണാഞ്ജലിയായി സമർപ്പിക്കുന്നു.

ഫ്രാൻസിസ് മാർപാപ്പ തന്റെ ഏറ്റവും പുതിയ ചാക്രിക ലേഖനത്തിൽ നമ്മോട് ഇപ്രകാരം ആഹ്വാനം ചെയ്യുന്നു. "ഓരോരുത്തരും തങ്ങളുടെ സ്വാർത്ഥതയുടെ മേഖലകളിൽ നിന്ന് പുറത്തേക്ക് കടന്ന് മറ്റുള്ളവരിലേക്ക് തിരിയുക. അപ്രകാരം അസ്തിത്വത്തിന്റെ പൂർണ്ണതയിൽ ഓരോരുത്തരും വളരണം (ഫ്രത്തേലി തൂത്തി). സ്വാർത്ഥതയുടെ ലോകം കെട്ടിപ്പടുക്കുവാൻ ഇന്ന് അനേകർ രൂപപ്പെടുമ്പോൾ സമർപ്പണത്തിന്റെ വിശുദ്ധ പാതയിലൂടെ മറ്റുള്ളവരിലേക്ക് തിരിയുന്ന സന്യാസവര്യന്മാരുടെ മഹത്ഗണത്തിൽ ജീവിച്ച ഉത്തമ ബഥാനിയനാണ് ബഹു.തോമസ് വടവനയച്ചൻ.

ഭൗതിക ലോകത്തിൽ തനിക്ക് ഉയരങ്ങൾ വെട്ടിപ്പടുക്കുവാൻ സാധിക്കുമായിരുന്നിട്ടും അതെല്ലാം നിസാരമായി കരുതി "ദൈവസമ്പാദനം" അത്യുത്തമമായി അനുഭവിച്ചറിഞ്ഞ മഹത് വ്യക്തിത്വം. ബഥനിയുടെ താപസാനുഭവത്തിൽ താൻ സമ്പാദിച്ച ദൈവാനുഭവം മിഷൻ മേഖലകളിൽ സേവനമായി നൽകിയ ബഥനിയുടെ നല്ല മിഷനറി, അവഗണിക്കപ്പെട്ടവരിലും മുറിവേല്പിക്കപ്പെട്ടവരിലും – ക്രിസ്തുവിനെ ഉപാസിക്കുവാൻ വന്ദ്യ ഗബ്രിയേലച്ചനോടൊപ്പം തൃപ്പാദത്തിലിരുന്ന നല്ല സമരിയാക്കാരനായ

www.malankaralibrary.com

ശുശ്രൂഷകൻ... വന്ദ്യ തോമസ് വടവനയച്ചന് കൊടുക്കുവാൻ ബഥാന്യർക്ക് ഒത്തിരിയേറെ വിശേഷണങ്ങളുണ്ട്.

വന്ദ്യതോമസ് അച്ചൻ ബഥാന്യർക്ക് മാതൃകയായി പകർന്നത് തന്റെ പ്രാർത്ഥനാജീവിതവും എളിമയുമാണ്. നിത്യം ധാരാളം ജപമാലകൾ ചൊല്ലി സമൂഹത്തിനുവേണ്ടിയും, ദൈവജനത്തിനു വേണ്ടിയും പ്രാർത്ഥിച്ചിരുന്ന പ്രാർത്ഥനയുടെ മനുഷ്യൻ സമൂഹത്തിലെ ഏത് എളിയ ശുശ്രൂഷയും സന്തോഷത്തോടെ ചെയ്തിരുന്ന ഈ നല്ല സന്യാസി പിൻതലമുറയ്ക്ക് എന്നും മാതൃകയാണ്.

ക്രിസ്തുവാകുന്ന പൂർണ്ണപുരോഹിതനെ പിൻചെല്ലാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രൈസ്തവ പുരോഹിതനും. ക്രിസ്തുവിനെപ്പോലെ മുൻപേ നടക്കാനും - തനിക്കുള്ളവയെ സംരക്ഷിക്കാനും - അവയ്ക്കുവേണ്ടി സ്വജീവൻ ബലിനൽകാനും വേണ്ടി വിളിക്കപ്പെട്ടവൻ. ഗുരുവിനെപ്പോലെ മുൻപേ നടന്നവനാണ് തോമസച്ചൻ. തനിക്കുള്ളവയെ - നല്കപ്പെട്ടവയെ - വിശ്വസ്തതാപൂർവ്വം സംരക്ഷിച്ചവനാണ് തോമസ് വടവനയച്ചൻ. പിന്നാലെ രേഖപ്പെടുത്തുന്ന അച്ചനെപ്പറ്റിയുള്ള ഓരോ ഓർമ്മക്കുറിപ്പുകളും വിവരിക്കുക ഇപ്രകാരമുള്ള അനുഭവങ്ങളാണ്. ഇപ്രകാരമുള്ള ഓർമ്മക്കുറിപ്പുകൾ നൽകിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു

കലവറ കൂടാതെ ദൈവത്തിന് തന്നെ സമർപ്പിച്ച സ്വാർത്ഥത വെടിഞ്ഞ് എല്ലാറ്റിലും ദൈവഹിതം തേടി തന്റെ ഓരോ ചലനവും ദൈകൃപാവരത്തിന് സമർപ്പിക്കുകയും ചെയ്ത പ്രിയ വൈദിക സഹോദര അങ്ങയുടെ ജീവിതമാതൃകകൾ ബഥനിക്ക് എന്നും ശക്തിയും പ്രചോദനവും ആയിരിക്കട്ടെ.

സ്നേഹത്തോടെ,
**ഫാ. വർഗീസ് വിജയാനന്ദ് തരകൻവീട്ടിൽ ഒ.ഐ.സി.**

www.malankaralibrary.com

# ദൈവരാജ്യത്തിന്റെ കാവൽക്കാരൻ

**വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**
**സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം**

തന്റെ പൗരോഹിത്യശുശ്രൂഷയിലൂടെ ബഥനിയുടെ മിഷൻ മേഖലകളെ ശക്തമാക്കിയ വന്ദ്യവൈദികനാണ് ബഹു.തോമസച്ചൻ. അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ വിവിധങ്ങളായ ചിന്തകളാണ് മനസ്സിൽ ഓടിവരുന്നത്. അദ്ദേഹത്തോടൊപ്പം നെടുമങ്ങാട് മിഷനിൽ ഒരു യുവ വൈദികനായി ശുശ്രൂഷ ചെയ്ത സമയം, അദ്ദേഹത്തെ അടുത്തറിയുന്നതിനും ആ ജീവിതത്തിലെ എളിമയും ശുശ്രൂഷാ മനസ്സും, വിളിക്കപ്പെട്ട വിളിയിലുള്ള സമർപ്പണവും അടുത്തറിയാൻ സാധിച്ചു.

സകലതും യേശുവിനുവേണ്ടി ത്യജിച്ച ത്യാഗമായിരുന്ന തോമസച്ചന്റേത്. വിശുദ്ധ ബലിയിൽ നാം കാഴ്ചയർപ്പണത്തിൽ പാടുന്നതുപോലെ 'ലോകം താത സഹോദരർ ജാതിയതും തറവാടും ആകെയുപേക്ഷിച്ചേശുവിനായി മരണം സ്നേഹിച്ച്', യേശുവിനെ സ്നേഹിച്ച പുരോഹിതനായിരുന്നു അദ്ദേഹം. ജീവിതത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ സകലതും വിട്ടുപേക്ഷിച്ചു പ്രേഷിതവഴികളിൽ ഇറങ്ങിയ അദ്ദേഹത്തിന്റെ ദൈവവിളി സ്വന്തക്കാർക്കും, ബന്ധുക്കാർക്കും ഒരു സമസ്യ ആയിരുന്നു.

ദൗത്യബോധ്യത്തിനുവേണ്ടി ആത്മാർപ്പണം ചെയ്ത വ്യക്തിത്വമായിരുന്നു. ഭവനത്തിലെ അഗ്രജൻ എന്ന നിലയിൽ കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ സ്വചുമലിൽ ഏറ്റെടുക്കുവാനും, ആ ചുമതലകളോരോന്നും കൃത്യസമയങ്ങളിൽ നിർവഹിക്കുവാനും അദ്ദേഹം പരിശ്രമിച്ചു. തന്നിൽ ഏല്പിക്കപ്പെട്ട കടമകളൊക്കെ നിർവ്വഹിച്ചതിനു ശേഷമാണ് അദ്ദേഹം സ്വന്തജീവിതത്തിൽ ദൈവംകൊടുത്ത ദൈവവിളിക്ക് തന്നെത്തന്നെ സമർപ്പിച്ചത്. മറ്റുള്ളവർക്കുവേണ്ടി എരിഞ്ഞടങ്ങിയ ഒരു ജീവിതം. ഈ ദൗത്യബോധ്യം അദ്ദേഹത്തിന്റെ പൗരോഹിത്യശുശ്രൂഷയിലും ഉടനീളം പ്രതിഫലിച്ചിരുന്നു. ഏതു ചുമതലകളേറ്റെടുത്താലും അതിനുവേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമവും അദ്ധ്വാനവും തന്റെ ജീവിതംകൊണ്ട് അദ്ദേഹം സമർപ്പിച്ചിരുന്നു.

സന്യാസഭാവത്തിന്റെ ലളിതമായ മുഖം അദ്ദേഹത്തിന്റെ പ്രവർത്തനത്തിൽ പ്രതിഫലിച്ചിരുന്നു. വലിയ ആവശ്യങ്ങളോ, ആഗ്രഹ

www.malankaralibrary.com

ങ്ങളോ ഒന്നുമില്ലാത്ത ഏതു സാഹചര്യമായാലും ഉള്ളതുകൊണ്ട് സ്വയം സംതൃപ്തിയടയാനും മറ്റുള്ളവരെ സംതൃപ്തിപ്പെടുത്താനും അദ്ദേഹം പഠിപ്പിച്ചിട്ടുണ്ട്. ആശ്രമത്തിന്റെ മിഷൻ മേഖലയായ നെടുമങ്ങാട്, സൗത്ത്കാനറ, കല്ലാർ എന്നീ പ്രദേശങ്ങളിൽ ത്യാഗ പൂർണ്ണമായ ശുശ്രൂഷയാണ് അദ്ദേഹം നിർവ്വഹിച്ചത്. ദേവാലയങ്ങൾ സ്ഥാപിക്കുകയും പണിയുകയും ചെയ്തതിനോടൊപ്പം, അനേകം മനുഷ്യർക്ക് ജീവിതസന്ധാരണത്തിനുള്ള മാർഗ്ഗങ്ങൾ ക്രമീകരിക്കു കയും ഭവനങ്ങളെ ബലപ്പെടുത്തുകയും ചെയ്തു. പ്രകൃതിയേയും മണ്ണിനേയും സ്നേഹിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ആശ്രമത്തിന്റെ സാമ്പത്തിക അടിത്തറയെ ബലപ്പെടുത്തിയ തോട്ടങ്ങളിൽ പലതും സംരക്ഷിച്ചതിലും, വെച്ചുപിടിപ്പിച്ചതിലും, പരിപാലിച്ചതിലും അച്ചന്റെ പങ്ക് വലുതാണ്.

രാഷ്ട്രസേവനത്തിനുവേണ്ടി സ്വയം സമർപ്പിച്ച ജീവിതം ദൈവ രാജ്യത്തിനുവേണ്ടി ഓടി അദ്ദേഹം പൂർത്തീകരിച്ചു. അസാധാരണമായ വെല്ലുവിളികളെയാണ് അദ്ദേഹം തന്റെ ജീവിതത്തിൽ ഏറ്റെടുത്തത്. സംഘർഷങ്ങൾക്കിടയിലും ആശയവ്യത്യാസങ്ങൾക്കിടയിലും ഭവന ത്തിലായാലും സമൂഹത്തിലായാലും സഭയിലായാലും എല്ലാവരെയും ഉൾക്കൊള്ളാൻ അദ്ദേഹം പരിശ്രമിച്ചു. അദ്ദേഹത്തിന്റെ മാതുലൻ തന്നെ ഇത് സാക്ഷ്യപ്പെടുത്തുന്നു. ആശയവ്യത്യാസങ്ങളേക്കാൾ വലുതാണ് കുടുംബ ബന്ധം, ജീവിതത്തിന്റെ പരിമിതികളേക്കാൾ ശക്തമാണ് കൂട്ടജീവിതം. തന്റെ ആവശ്യങ്ങളേക്കാൾ പ്രാമുഖ്യമുള്ളത് മറ്റുള്ള വരുടെ നന്മയാണ് എന്ന് അദ്ദേഹം ചിന്തിച്ചിരുന്നു, അത് ജീവിതത്തിൽ പ്രാവർത്തികമാക്കിയിരുന്നു.

ബഥനി സന്യാസി സമൂഹത്തെ സംബന്ധിച്ചിടത്തോളം ബഹു.തോമസ് വടവന അച്ചന്റെ സാന്നിദ്ധ്യവും ജീവിതവും അനേകർക്ക് വെല്ലുവിളിയും ആശ്വാസവും നല്കിയതാണ്. ജീവിതത്തിലെന്തും ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കുവാനും ആ ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് ഏതറ്റം വരെയും യാത്ര ചെയ്യുവാനും ആ ജീവിതം പരിശ്രമിച്ചിരുന്നു. തന്റെ 81-ാം വയസ്സിൽ അനേകരുടെ ശുശ്രൂഷകളേറ്റു വാങ്ങി ദൈവത്തോടു ചേർന്നപ്പോൾ ആ യാത്ര പൂർത്തിയായി. ബഹു. അച്ചൻ തെരഞ്ഞെടുത്ത വഴികളും ജീവിച്ച വിശുദ്ധിയും കർത്താവിന്റെ ബലിപീഠത്തിന്മേൽ സമർപ്പിക്കപ്പെട്ട കുഞ്ഞാടിന്റെ ജീവിതംപോലെ ഞങ്ങൾക്ക് എന്നും ഒരു മാതൃകയും ശക്തിയുമാണ്. ദൈവം തന്റെ ഭവനത്തിൽ എല്ലാ ആശ്വാസവും പകർന്ന് അങ്ങേ സംരക്ഷിക്കട്ടെ! ■

www.malankaralibrary.com

# ഔപചാരികതകളില്ലാതെ ഒരു ജീവിതം

**വെരി റവ. ഫാ. ജോസ് മരിയദാസ് പടിപ്പുരയ്ക്കൽ ഒ.ഐ.സി**

**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജ്യോതി പ്രൊവിൻസ്**

ബഹു. തോമസ് വടവന ഒ.ഐ.സി. അച്ചൻ ഓർമ്മയാകുമ്പോൾ ബാക്കിയാവുന്നത് എന്താണ്? അച്ചനോടൊപ്പം ജീവിച്ച ബഥാന്യർക്കും, അച്ചന്റെ ശുശ്രൂഷകൾ ഏറ്റു

വാങ്ങിയ ജനങ്ങൾക്കും കണ്ടുമുട്ടിയവർക്കും എല്ലാം ഒരു പക്ഷെ, പൊതുവായിപ്പറയാവുന്ന ഒരു നേരനുഭവം ഉണ്ട്. ഔപചാരികതകളുടെ ദുർമേദസ്സ് ഇല്ലാത്ത ഒരു ജീവിതം.

വടവനയച്ചൻ എന്നും എല്ലാവർക്കും അങ്ങനെ തന്നെയായിരുന്നു. NDA (National Defence Academy) വിട്ടിറങ്ങി സന്ന്യാസത്തിന്റെ വഴിയിലേക്ക് കാൽവച്ച നാൾ മുതൽ മരണം വന്ന് വിളിക്കുന്നതുവരെ, ആർജ്ജവത്വം ഉള്ള, ഗ്രാമീണതയുടെ എല്ലാ ശുദ്ധതയും, മനസ്സിൽ കാത്തു സൂക്ഷിച്ച ഒരു പച്ചയായ മനുഷ്യൻ.

അച്ചന്റെ എല്ലാ സമീപനങ്ങളിലും, ഇടപെടലുകളിലും, ഈ സങ്കീർണ്ണതകളില്ലാത്ത ലളിതമായ ഒരു ഭാവം നിറഞ്ഞ് നിന്നിരുന്നു.

മലങ്കരസഭയുടെ മിക്കവാറും എല്ലാ രൂപതകളിലും സേവനമനുഷ്ഠിക്കാൻ കഴിഞ്ഞ അദ്ദേഹത്തിന് ബഥനിയിലും തന്റേതായ ഒരു ഇടം അടയാളപ്പെടുത്താൻ കഴിഞ്ഞു.

അയനലളിതമായി ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കാൻ കഴിയുന്ന വ്യക്തിത്വം. അദ്ദേഹത്തിന്റെ സന്ന്യാസജീവിതത്തിൽ പ്രകൃതിയും, കൃഷിയും, സാധുജനസേവനവും എല്ലാം ഒരു പോലെ ഇഴുകിച്ചേർന്ന് നിന്നു.

ഇന്നെല്ലാവരും, പ്രകൃതി സ്നേഹത്തെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കും; പ്രകൃതി സംരക്ഷണത്തെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കും. ഈ ശൈലിയൊക്കെ, തോമസച്ചന് വശമില്ലായിരുന്നു. എന്നാൽ, അദ്ദേഹം മരങ്ങൾ നട്ടും, ഫലവൃക്ഷങ്ങൾ പരിപാലിച്ചും,

www.malankaralibrary.com

കൃഷി ചെയ്തും ഈ പ്രകൃതിയെ സ്നേഹിച്ചു; സംരക്ഷിച്ചു. ഇത്തരം നേരിട്ടുള്ള ഇടപെടലുകളുടെ ശുദ്ധതയും, തനിമയും അച്ചന്റെ ജീവിതത്തെ വേറിട്ടതാക്കി.

അച്ചൻ താമസിച്ചിട്ടുള്ള എല്ലാ ആശമങ്ങളുടെയും, തൊടിയും, പറമ്പും അച്ചന്റെ വിയർപ്പുരസം രുചിച്ചിട്ടുണ്ട്. ആ പ്രകൃതിയുടെ ഭാഗമായി അദ്ദേഹം പരിണമിച്ചു. മരങ്ങൾ മണ്ണിലേക്കു വേരിറക്കുന്നതുപോലെയും, മഴത്തുള്ളി മണ്ണിലേക്ക് കിനിഞ്ഞിറങ്ങുന്നതു പോലെയും തന്റെ അഭിപ്രായങ്ങൾ നേരിട്ട് പ്രകടിപ്പിക്കാനും, മറ്റുള്ളവരുടെ മുഖം നോക്കാതെ പറയുവാനും ഉള്ള ആർജ്ജവത്വം ഉണ്ടായിരുന്നു അദ്ദേഹത്തിന്. അതിലെ ശരി തെറ്റുകൾ വിശകലനം ചെയ്ത് വ്യാകുലപ്പെടുകയും, ഭാരപ്പെടുകയും ചെയ്യുക പതിവില്ലാത്ത പ്രകൃതം. ചെടിയിൽ പൂ വിടരുന്ന  സ്വാഭാവിക പ്രക്രിയ പോലെ ലളിതമായിരുന്നു

അദ്ദേഹത്തിന്റെ സമൂഹജീവിതം. കൂടെയുള്ളവർക്കൊപ്പം പ്രാർത്ഥിച്ചും, ഭക്ഷിച്ചും, ഉല്ലസിച്ചും, അദ്ധ്വാനിച്ചും ....അതെ പൂവ് വിടരുന്ന അത്രയും ലളിതമായി ജീവിച്ചങ്ങനെ പോയ ജീവിതം. ജീവിതത്തെ അനാവശ്യമായി സങ്കീർണ്ണമാക്കി ദുഃഖമനുഭവിക്കുന്നവർക്ക്, തോമസച്ചൻ എങ്ങനെ ജീവിക്കണം എന്നുള്ള, പഠിപ്പിക്കുന്ന കൈപ്പുസ്തകമാണ്.

രോഗം ശരീരത്തെ തളർത്തുമ്പോൾ, അത് പ്രകടിപ്പിക്കുന്നതിലും പങ്കുവയ്ക്കുന്നതിലും ഉണ്ടായിരുന്നു സ്വന്തമായ ഒരു രീതി. പിന്നീട് സഹനത്തെ ഉൾക്കൊണ്ടുതുടങ്ങിയതും അങ്ങനെ തന്നെ. കാലത്തിനപ്പുറം നിന്ന്  ഒരു പക്ഷെ തോമസച്ചൻ നമ്മോട് ഉയർത്തുന്ന ചോദ്യവും, വെല്ലുവിളിയും അതു തന്നെയാണ്. എന്തിന് വെറുതെ ജീവിതം സങ്കീർണ്ണമാക്കുന്നു?

മനസ്സിലാക്കുന്ന രീതിയിൽ, അയനലളിതമായി ജീവിക്കുക, പ്രാർത്ഥിക്കുക, ശുശ്രൂഷിക്കുക കടന്നുപോവുക. അതെ; ഔപചാരികതകളുടെ ദുർമ്മേദസ് ഒട്ടുമില്ലാതെ, സ്വന്തം ജീവിതം, ക്രമപ്പെടുത്തുകയും, ജീവിക്കുകയും ചെയ്ത തോമസച്ചന്റെ ഓർമ്മകൾ ബഥനിയിൽ ഒരിക്കലും മരിക്കയില്ല. അവ അദ്ദേഹത്തിന് പുറകേ യാത്ര ചെയ്യുന്ന എല്ലാ ബഥനിക്കാർക്കും തെളിമയുള്ള ഓർമ്മപ്പെടുത്തലായി നിലകൊള്ളും.

www.malankaralibrary.com

# സന്ന്യാസത്തെ സ്നേഹിച്ച യുവസൈനികൻ

**വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**

**പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രൊവിൻസ**

മലങ്കര ക്രമത്തിൽ, പരിശുദ്ധ ബലിയുടെ അവസാന ഭാഗത്ത് ബലിപീഠം ചുബിച്ചു പടിയിറങ്ങുന്ന ഓരോ വൈദികനും ബലിപീഠത്തോടു നടത്തുന്ന ഒരു യാചനാ പ്രാർത്ഥനയുണ്ട്; "കർത്താവിന്റെ പരിശുദ്ധ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. ഞാൻ ഇനി നിങ്കലേക്കു മടങ്ങിവരുമോ എന്ന് എനിക്ക് നിശ്ചയമില്ല. സ്വർഗ്ഗത്തിലെ ആദ്യജാതന്മാരുടെ സഭയിൽ നിന്നെ കാണുവാൻ കർത്താവ് എനിക്കിടയാക്കട്ടെ ഈ പ്രത്യാശയിൽ ഞാൻ ശരണപ്പെടുന്നു." ബഹുമാനപ്പെട്ട തോമസ് വടവനയച്ചൻ ബലിപീഠം ചുബിച്ച് ജീവിതത്തിൽ നിന്നും പടിയിറങ്ങി, വിളിച്ചുവേർതിരിച്ചവന്റെ സന്നിധിയിലേക്ക് തിരികെ മടങ്ങി. ഓരോ ബലിപീഠത്തോടും അദ്ദേഹം ഉള്ളുരുകി പ്രാർത്ഥിച്ച യാചനകൾ തമ്പുരാന്റെ കരുണയ്ക്കു മുൻപിൽ ഫലമർഹിക്കാതെ പോവില്ലെന്ന് നമുക്ക് ഉറച്ചു വിശ്വസിക്കാം.

സന്ന്യാസത്തെ സ്നേഹിച്ച യുവാവായ സൈനികൻ, സൈനീകവേഷം ഉപേക്ഷിച്ച് കാഷായവസ്ത്രം ധരിച്ച് കാസായും പീലാസായും കൈകളിലേന്തി മിഷൻ മേഘലകളിൽ ചുറ്റി സഞ്ചരിച്ച് ബഥനിയുടെ സാക്ഷ്യമായ വ്യത്യസ്തമായ വിളിയുടെ ചരിത്രമാണ് ബഹുമാനപ്പെട്ട തോമസ് വടവനയച്ചന്റെ ജീവിതം. 2020 ഒക്ടോബർ മാസം 28ന് തന്റെ 81-ാം വയസിൽ, ദൈവം തന്നെ ഭരമേല്പിച്ച ദൗത്യങ്ങൾ വിശ്വസ്തതാപൂർവ്വം പൂർത്തിയാക്കി തിരികെ മടങ്ങിയ 'ക്രിസ്തുരാജന്റെ പടയാളി' യുടെ ഇഹലോകജീവിതത്തിലെ അവസാന ദിനങ്ങൾ ശാന്തമായിരുന്നു, സ്വസ്ഥമായിരുന്നു, അനുഗ്രഹപ്രദമായിരുന്നു. രാജ്യത്തിന്റെ അതിർത്തി കാക്കുന്ന സൈനിക സേവനരംഗത്തു നിന്നും ആത്മാക്കളുടെ കാവൽക്കാരനാകാൻ കർത്താവിന്റെ സൈന്യത്തി

www.malankaralibrary.com

ലേക്ക് ചുവടുമാറ്റം നടത്തിയ തോമസ് വടവനയച്ചൻ ആടുകളുടെ ഗന്ധമുള്ള നല്ല മിഷനറി ആയിരുന്നു. വഴിയും വെളിച്ചവും അകലങ്ങളിലായിരുന്ന കർണ്ണാടകയുടെ അക്കാലത്തെ ഉൾഗ്രാമങ്ങളും നെടുമങ്ങാട് ദേശത്തെ പാവപ്പെട്ടവന്റെ ഹൃദയമിടിപ്പും അദ്ദേഹത്തിന്റെ മിഷൻ യാത്രകളുടെ രേഖാചിത്രത്തിലെ സുപ്രധാന ഇടങ്ങളാണ്. പാവപ്പെട്ടവനെ തേടി ഇറങ്ങുകയും പാവങ്ങളെ ചേർത്തു നിർത്തുകയും ചെയ്ത നല്ല ഇടയനായ തോമസച്ചനെ നന്ദിയോടെ സ്മരിക്കുന്ന ഒരു കൂട്ടം മനുഷ്യർ ഉണ്ടെന്നുള്ളത് അവരോടുള്ള അദ്ദേഹത്തിന്റെ അഗാധമായ ബന്ധത്തിന്റെ തെളിവാണ്. ഔദ്യോഗികമോ അനൗദ്യോഗികമോ ആയ ചർച്ചകളിലും സൗഹൃദസംഭാഷണങ്ങളിലും സംസാരശൈലിയുടെ പ്രത്യേകതയാൽ ക്ഷിപ്രകോപിയെന്ന് ചില അവസരങ്ങളിൽ തോന്നിയാലും, മനസ്സിൽ നിഷ്കളങ്കത സൂക്ഷിക്കുന്ന, ആരോടും വൈരാഗ്യബുദ്ധ്യാ ഇടപെടാത്ത നല്ല ഹൃദയത്തിനുടമയായിരുന്നു ബഹുമാനപ്പെട്ട വടവനയച്ചൻ. ആർക്കെങ്കിലും തന്റെ സംസാരത്താൽ വേദനതോന്നിയെന്ന് മനസ്സിലാകുന്നപക്ഷം, ക്ഷണനേരം കൊണ്ട് സൗഹൃദം പുനസ്ഥാപിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

ദൈവസ്നേഹത്തിന്റെയും മനുഷ്യബന്ധത്തിന്റെയും പ്രകൃതി സംരക്ഷണത്തിന്റെയും നല്ല പാഠങ്ങൾ തലമുറകളിൽ ഊട്ടിയുറപ്പിക്കാൻ, തങ്ങളുടെ സമർപ്പിത ജീവിതത്തിലൂടെ അഹോരാത്രം അധ്വാനിച്ച ദൈവത്തിന്റെ കയ്യൊപ്പുള്ള മൺപാത്രത്തിലെ നിധികളായിരുന്നു മൺമറഞ്ഞ നമ്മുടെ ഓരോ സമർപ്പിതനും. വിശ്വാസത്തിന്റെ പാതയിലൂടെ സഞ്ചരിച്ച്, വിശ്വാസം സംരക്ഷിച്ച്, വിശ്വാസത്തിൽ ജീവിക്കാൻ തലമുറകളെ പഠിപ്പിച്ച വിശ്വാസത്തിന്റെ സമർപ്പിത കാവൽക്കാരായിരുന്നു നമുക്കു മുൻപേ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ട ഓരോ ബഥാന്യനും എന്നതിൽ ദൈവത്തിന് നന്ദി പറയാം. അവരുടെ അധ്വാനഫലമാണ് ബഥനിയുടെയും മലങ്കരസഭയുടെയും വളർച്ചയെ ശക്തിപ്പെടുത്തിയതും വളർത്തിയതും എന്നു മറക്കാതിരിക്കാം. നല്ല ഓട്ടം പൂർത്തിയാക്കിയവരുടെ ശ്രേണിയിൽപ്പെട്ട മുതിർന്ന തലമുറയിലെ, ഒരു നല്ല മിഷനറിയുടെ സജീവ സാന്നിധ്യമാണ് ബഹുമാനപ്പെട്ട തോമസ് വടവനയച്ചന്റെ നിര്യാണത്തോടെ കാലയവനികയ്ക്കുള്ളിൽ മറയുന്നത്.

www.malankaralibrary.com

വിളിച്ചറിയിപ്പുകളില്ലാതെയും കൊട്ടി ഘോഷിക്കപ്പെടാതെയും ഓരോരുവനും ചെയ്തുതീർത്തു കടന്നുപോകാൻ സന്യാസത്തിലും പൗരോഹിത്യത്തിലും, ലളിതമെങ്കിലും തമ്പുരാന്റെ മുന്നിൽ അമൂല്യ മായ പ്രത്യേക ദൗത്യങ്ങളുണ്ടെന്ന്, അദ്ദേഹത്തിന്റെ ദൈവവിളിയും ജീവിതവും നമ്മെ ഓർമ്മിപ്പിക്കുന്നു. സ്വർഗ്ഗത്തിൽ ദൈവദൂതന്മാരോടും സകല സ്വർഗ്ഗവാസികളോടും ചേർന്ന് തോമസ് വടവനയച്ചൻ ഇപ്ര കാരം ദൈവത്തെ സ്തുതിക്കും. "എന്നെ ശക്തിപ്പെടുത്തുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിനു ഞാൻ നന്ദി പറയുന്നു. എന്തെന്നാൽ തന്റെ ശുശ്രൂഷയ്ക്കായ് എന്നെ നിയമിച്ചുകൊണ്ട് അവൻ എന്നെ വിശ്വ സ്തനായി കണക്കാക്കി" (1 തിമൊത്തേയോസ് 1:12). ബഹുമാനപ്പെട്ട വടവനയച്ചന്റെ പാവനസ്മരണയ്ക്കു മുൻപിൽ ശിരസ്സു നമിച്ചു നമുക്കും പ്രാർത്ഥിക്കാം;

"കർത്താവേ മഹിമാവോടെ-നിന്നെ ശുശ്രൂഷിച്ചവനൊ
താൽക്കാലിക വാസം വിട്ട്-നിന്നിലണഞ്ഞോനീ ദാസൻ
ധാർമ്മിക സിദ്ധന്മാരൊത്ത്-നിത്യം നൽകീടുക മോദം
'സർവ്വേശാസ്തുതിയെന്നേവം' നിന്നുടെ വലംഭാഗേ നിന്ന്
ഉച്ചത്തിൽ കീർത്തിച്ചീടാൻ-ഈ ദാസന്നിടയാ-ക്കേ-ണം."

(കോഹനൈത്താ, വൈദികരുടെ ശവസംസ്കാരം, എഴാം ശുശ്രൂഷ, കാത്തിസ്മാ)

**"എന്റെ രക്ഷകാ, എന്നെത്തന്നെ പൂർണ്ണമായി അങ്ങേ യ്ക്കു സമർപ്പിക്കുന്നു. അങ്ങ് എന്റെ ഹൃദയത്തിന്റെയും, മനസ്സിന്റെയും, ഇന്ദ്രിയങ്ങളുടെയും, വികാരവിചാരങ്ങളു ടെയും പരമാധികാരിയായി വാഴണമെ. എല്ലായ്പ്പോഴും ഞാൻ അങ്ങേ തിരുമനസ്സിനു വിധേയപ്പെടട്ടെ. അങ്ങിൽനിന്ന് അകന്നുപോകാൻ ഒരിക്കലും എനിക്ക് ഇടയാകാതിരിക്കട്ടെ."**

www.malankaralibrary.com

# ബഹു.തോമസ് വടവന അച്ചൻ ബഥനിയുടെ പ്രേഷിത ചൈതന്യത്താൽ നിറഞ്ഞ സന്യാസി

**ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.**

നമ്മുടെയിടയിൽ നിന്ന് ദൈവസന്നിധിയിലേക്ക് കടന്നുപോയി ബഥനിയുടെ മറ്റൊരു സ്വർഗ്ഗീയ മധ്യസ്ഥനായി രൂപപ്പെട്ട പ്രിയ തോമസ് വടവന ഒ.ഐ.സി അച്ചന്റെ ദീപ്തമായ സന്യാസപൗരോഹിത്യജീവിതം ഹൃസ്വമായി അനുസ്മരിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

– 1939 ഫെബ്രുവരി 19–ന് പത്തനംതിട്ട ജില്ലയിലെ കുന്നന്താനം പഞ്ചായത്തിൽ മുക്കൂർ എന്ന സ്ഥലത്ത് വടവന പൊയ്കയിൽ കുടുംബത്തിൽ ഏബ്രഹാം – ഏലിയാമ്മ ദമ്പതികളുടെ ആറുമക്കളിൽ രണ്ടാമനായി ജനിച്ചയാളാണ് ബഹു.തോമസച്ചൻ. കുന്നന്താനം – ആനിക്കാട് പ്രദേശങ്ങളിൽ അച്ചൻ തന്റെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1962–ൽ പൂനായിലുള്ള നാഷണൽ ഡിഫൻസ് അക്കാദമിയിൽ (NDA) ചേർന്ന് ഏതാണ്ട് പത്തുവർഷം അവിടെ സിവിലിയനായി ജോലി ചെയ്തു.

ചെറുപ്പം മുതലെ ദൈവിക കാര്യങ്ങളിലും സഭാകാര്യങ്ങളിലും തല്പരനായിരുന്ന തോമസച്ചൻ തന്റെ ഔദ്യോഗിക ജീവിത കാലയളവിൽ പൂനായിലെ ബഥനി ആശ്രമത്തോടും ആശ്രമ വൈദിക രോടും അടുത്ത ബന്ധം പുലർത്തിയിരുന്നു. ക്രമേണ സന്യാസ വൈദിക ജീവിതത്തിലേക്കുള്ള ശക്തമായ ഒരാകർഷണം അച്ചൻ ഉരുവായി. ഈ ഉൾവിളിയുടെ നാനാവശങ്ങൾ തിരിച്ചറിഞ്ഞ ദൈവ സേവനത്തിനും ശുശ്രൂഷക്കുമായി ബഥനി ആശ്രമത്തിലൂടെ തന്നെ പൂർണ്ണമായി സമർപ്പിക്കുവാൻ സധൈര്യം തീരുമാനിച്ചുറച്ചു. പത്തു വർഷമായി താൻ ചെയ്തുകൊണ്ടിരിക്കുന്ന ജോലിയുടെ ഭാവിസാദ്ധ്യത കളും വ്യക്തിപരമായും തന്റെ കുടുംബത്തിനും ഉണ്ടാകുമായിരുന്ന സാമ്പത്തിക നേട്ടങ്ങളുമാണെന്നുള്ള തീരുമാനത്തിൽ നിന്ന് അദ്ദേ ഹത്തെ പിന്തിരിപ്പിക്കുവാൻ അനുവദിച്ചില്ല. യേശുമിശിഹായോടുള്ള

www.malankaralibrary.com

സ്നേഹത്തിന്റെ മുൻപിൽ ഇവയെല്ലാം നിസ്സാരവും വില കുറഞ്ഞതുമായി ബോദ്ധ്യപ്പെട്ട് തന്റെ ജോലി അദ്ദേഹം ഉപേക്ഷിച്ച് സന്യാസ ജീവിതത്തിനായി ഇറങ്ങി പുറപ്പെട്ടു.

1971 നവംബർ 1–ാം തീയതി തിരുവല്ല ബഥനി ആശ്രമത്തിൽ സന്യാസാർത്ഥിയായി പ്രവേശിച്ച് അച്ചൻ സന്യാസ പരിശീലനം ആരംഭിച്ചു. നവസന്യാസ പരിശീലനം പൂർത്തിയാക്കിയശേഷം അദ്ദേഹം പൂനയിലെ ജ്ഞാനദീപ വിദ്യാപീഠത്തിൽ (JDV) ചേർന്ന് തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച് വൈദിക പരിശീലനം പൂർത്തിയാക്കി. 1980 ജനുവരി 11–ാം തീയതി മാതൃ ഇടവകയായ മുക്കൂർ മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽവച്ച് വൈദികപട്ടം സ്വീകരിച്ചു. പിറ്റേദിവസം തന്നെ അവിടെ പ്രഥമ ദിവ്യബലിയർപ്പിച്ചു.

കൊച്ചച്ചന്റെ ആദ്യപ്രേഷിത പ്രവർത്തനകേന്ദ്രം ബഥനി സന്യാസി സമൂഹം അക്കാലയളവിൽ പുതുതായി ആരംഭിച്ച കർണ്ണാടകയിലെ സൗത്ത് കാനറമിഷൻ പ്രദേശമായിരുന്നു. വളരെ പരിമിതമായ ജീവിത സാഹചര്യങ്ങളും ഏറെ വെല്ലുവിളികളുമുണ്ടായിരുന്ന ആ പ്രദേശത്തേക്ക് യാതൊരു മടിയും ആവലാതികളും കൂടാതെ അച്ചൻ കടന്നു ചെന്നു പ്രേഷിത പ്രവർത്തനമാരംഭിച്ചു. അവിടെ അഡോള, നെല്ലിയാടി ഇടവകകളുടെ ശുശ്രൂഷകൾ അച്ചൻ ഏറ്റെടുത്തു നടത്തി. 1980–1984 കാലയളവിൽ മാവേലിക്കര അടുത്തുള്ള ചുനക്കര ആശ്രമാംഗമായി നിയമിതനായി. അവിടെ കോമല്ലൂർ, വെട്ടിയാർ ഇടവകകളുടെ വികാരിയായി സേവനനിരതനായിരുന്നു. വീണ്ടും സൗത്ത് കാനറാ മിഷനിലേക്ക് നിയോഗിതനായ തോമസച്ചൻ കടബാ ആശ്രമ സുപ്പീര്യറായും കോടിയംബാള, കർമ്മായി, ജോസ്ഗിരി എന്നീ പള്ളികളുടെ വികാരിയായും ശുശ്രൂഷ ചെയ്തു. നാലുവർഷങ്ങൾക്കുശേഷം 1988–ൽ കോട്ടയം ബഥനി ആശ്രമ ജനറലേറ്റ് അംഗമായി അച്ചൻ നിയമിതനായി. അക്കാലത്ത് സമൂഹം പെരുവന്താനത്ത് പുതുതായി വാങ്ങിയ എസ്റ്റേറ്റിന്റെ കാര്യസ്ഥനായി അച്ചൻ നിയമിതനായി. അതോടൊപ്പം കളത്തിപ്പടി, കൊല്ലാട് ഇടവകകളുടെ വികാരിയായും നിയമിതനായി.

1991–'92 കാലയളവിൽ ബത്തേരിയിൽ മീനങ്ങാടി ആശ്രമ സുപ്പീര്യർ, മീനങ്ങാടി പള്ളിവികാരി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. പിന്നീട് സമൂഹത്തിന്റെ നെടുമങ്ങാട് മിഷനിലെ

www.malankaralibrary.com

തൃപ്പാദത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി ബ.ഗബ്രിയേൽ ഒ.ഐ.സി. അച്ചനോടൊപ്പം പ്രവർത്തിച്ചു. കൂടാതെ വെള്ളൂർകോണം, വിതുര, കുതിരകുളം, അരുവിക്കര, അരശുപറമ്പ് എന്നീ ഇടവകകളുടെ വികാരിയായും ശുശ്രൂഷ ചെയ്തു. 2000 ജൂലൈ മാസത്തിൽ ചേലക്കര എസ്റ്റേറ്റിലുള്ള ആശ്രമസുപ്പീര്യർ, കുളപ്പാറ, കൊണ്ടാഴി ഇടവകകളുടെ വികാരി എന്നീ ചുതമലകളിലേക്ക് അച്ചൻ നിയമിതനായി. കർണ്ണാടകയിലെ മർദ്ദാളത്തുള്ള എസ്റ്റേറ്റിന്റെ ചുമതല സൗത്ത് കാനറ റീജൻ, സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ, കർമ്മായ്, ബത്തോടി ഇടവകകളുടെ വികാരി എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചു.

2003-ൽ ചിറക്കൽ ആശ്രമ സുപ്പീര്യറായും അവിടെയുണ്ടായിരുന്ന ബാലഭവൻ ഡയറക്ടറായും ചുമതല നിർവ്വഹിച്ചു. 2006-ൽ പൂണയിലെ കിർക്കി ആശ്രമാംഗമായിരുന്നുകൊണ്ട് ഔറംഗബാദ്, വാർജെ പള്ളികളിൽ അജപാലന ശുശ്രൂഷ നിർവ്വഹിച്ചു. 2007-നുശേഷം മീനങ്ങാടി, ചേലക്കര, ചെറുകുളഞ്ഞി എന്നീ ആശ്രമങ്ങളിൽ താമസിച്ചുകൊണ്ട് സുവിശേഷ പ്രചരണവേലകളിൽ വ്യാപൃതനായി ജീവിച്ചു.

അതിനുശേഷം വിശ്രമാർത്ഥം ആലുവയിൽ ദേശത്തുള്ള പ്രൊവിൻഷ്യൽ ഹൗസിലേക്കു പോന്നു. ഈ വിശ്രമകാലത്തും വിവിധ സന്യാസിനി ഭവനങ്ങളിലെ കുമ്പസാരക്കാരൻ, ആത്മീയ നിയന്താവ് എന്നീ മേഖലകളിൽ പ്രവർത്തിച്ചു പോന്നു. ശാരീരിക ക്ഷീണം വർദ്ധിച്ചപ്പോൾ 2018 ജൂലൈ മാസം തിരുവല്ലാ ബഥനി ആശ്രമത്തിലേക്കു നിയമിക്കപ്പെട്ടു. ഇവിടെയെത്തി കുറേ നാൾ കഴിഞ്ഞപ്പോൾ ശയ്യാവലംബിയായി അച്ചൻ തന്റെ ദിനങ്ങൾ കഴിച്ചുകൂട്ടിക്കൊണ്ടിരുന്നു. 2020 ഒക്ടോബർ മാസം ആരംഭത്തിൽ അച്ചന്റെ രോഗം വർദ്ധിച്ചു. ഏതാനും ദിവസങ്ങൾ പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ആയിരുന്നു. രോഗാവസ്ഥയിൽ വലിയ മാറ്റം ഉണ്ടായില്ല. ഡോക്ടേഴ്സിന്റെ നിർദ്ദേശപ്രകാരം തിരുവല്ലാ ആശ്രമത്തിൽ കൊണ്ടുവന്നു. തന്റെ കിടക്കയിൽ ശാന്തനായി, സൗമ്യനായി പ്രാർത്ഥനാ നിരതനായി തന്റെ ബാക്കി ദിനങ്ങൾ തോമ്മസച്ചൻ പിന്നിട്ടിരുന്നു. ഒക്ടോബർ 28-ാം തീയതി ബുധനാഴ്ച വെളുപ്പിന് 5.30 മണിയോടെ അദ്ദേഹം ഭാഗ്യവാനായി ദൈവസന്നിധിയിലേക്ക് കടന്നുപോയി.

താമസിച്ച് ബഥനി ആശ്രമത്തിലേക്ക് (late vocation) കടന്നുവന്ന

www.malankaralibrary.com

തോമ്മസച്ചന്റെ സന്യാസ വൈദിക ജീവിതം സമൂഹസ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സന്യാസജീവിത ദർശനമായ ദൈവസമ്പാദനത്തിലൂടെ ദൈവസേവനമെന്ന ഉദാത്തമായ ആദർശത്തിന്റെ സമുന്നതമായൊരു സാക്ഷാത്കാരം ആയിരുന്നു എന്ന് മനസ്സിലാക്കുവാൻ വലിയ ബുദ്ധിമുട്ടൊന്നുമില്ല.

ഒരു സന്യാസി എന്ന നിലയിൽ ജീവിതലാളിത്യം ബഹുമാനപ്പെട്ട അച്ചന്റെ മുഖമുദ്രയായിരുന്നു. ബഥനിയുടെ ലാളിത്യാരൂപി അതിന്റെ ബാഹ്യതലങ്ങളിലും ആന്തരിക തലങ്ങളിലും അച്ചൻ സ്വന്തമാക്കിയിരുന്നു. എല്ലാം 'ആവശ്യത്തിനുമാത്രം' 'അത്യാവശ്യത്തിനു മാത്രം' എന്നുള്ള മനോഭാവമാണ് വസ്തു വകകളുടെ വിനിയോഗത്തിൽ അച്ചൻ പുലർത്തിയിരുന്നത്. യാതൊരു ആർഭാടവുമില്ലാത്ത ജീവിതം. പൊങ്ങച്ചമില്ലാത്ത മനോഭാവം. ആരോടും ഒത്തുചേരാൻ സാധിക്കുന്ന പ്രകൃതം ഇവയെല്ലാം തോമ്മസച്ചനിൽ വിളങ്ങിയിരുന്ന ഗുണവിശേഷങ്ങളാണ്.

സന്യാസത്തിന്റെ കാതലായ കൂട്ട ജീവിത (commmunity life) ത്തിന് തോമസച്ചൻ ഏറെ പ്രാധാന്യം നല്കിയിരുന്നു എന്നു മാത്രമല്ല അച്ചനതൊരു വലിയ സന്തോഷവമായിരുന്നു. അച്ചന്റെ സാന്നിദ്ധ്യം മറ്റുള്ളവർക്കും സന്തോഷം പകർന്നിരുന്നു. ഒത്തുകൂടുമ്പോൾ എന്തെങ്കിലും കാര്യങ്ങൾ പറഞ്ഞ് പലപ്പോഴും ഫലിതം കൂട്ടികലർത്തി മറ്റുള്ളവരെ സന്തോഷിപ്പിക്കാനും സജീവമാക്കാനും അച്ചൻ ശ്രദ്ധിച്ചിരുന്നു. മറ്റുള്ളവരോടുള്ള കരുതൽ മനോഭാവം എപ്പോഴും അനുഭവ വേദ്യമായിരുന്നു.

ബഥനിയുടെ പ്രേഷിത പ്രവർത്തന രംഗത്ത് അസാധാരണമായ സംഭാവനകൾ നല്കിയിട്ടാണ് അച്ചൻ കടന്നുപോകുന്നത്. തോമസച്ചന്റെ ജീവിതത്തിൽ ഒന്നു കണ്ണോടിച്ചാൽ ഏതെല്ലാം പ്രദേശങ്ങളിൽ എത്രയെത്ര മിഷൻ കേന്ദ്രങ്ങളിലും ഇടവകകളിലുമാണ് അദ്ദേഹം പ്രവർത്തിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കുവാൻ സാധിക്കും. പ്രേഷിത ചൈതന്യം നിറഞ്ഞു കവിഞ്ഞൊഴുകിയ ഒരു വ്യക്തിത്വമായിരുന്നു അച്ചന്റേത്. തന്റെ ആവശ്യങ്ങളോ സുഖസൗകര്യങ്ങളോ ഒന്നും വകവയ്ക്കാതെ താൻ ശുശ്രൂഷ ഏറ്റെടുത്ത ജനങ്ങൾക്കുവേണ്ടി അച്ചൻ പകൽ അദ്ധ്വാനിച്ചു. ഇന്നത്തെപ്പോലെ വാഹനങ്ങളോ മറ്റു യാത്രാ

www.malankaralibrary.com

സൗകര്യങ്ങളോ ഇല്ലാത്ത സ്ഥലങ്ങളിൽ ഒരു ബൈക്കിലും നടന്നും ഒക്കെയായി എത്തിച്ചേർന്ന് അവിടുത്തെ ജനങ്ങൾക്ക് അജപാലന ശുശ്രൂഷകൾ ചെയ്തുകൊടുത്തിരുന്നു. തന്റെ പ്രവർത്തനമേഖല കളിലെ ജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിൽ തോമസച്ചൻ ഏറെ ശ്രദ്ധാലുവായിരുന്നു. പാവപ്പെട്ടവരോടു പക്ഷം ചേർന്നിരുന്ന തോമസച്ചൻ അവരുടെ ആവശ്യങ്ങൾ സാധിച്ചു കൊടുക്കുന്നതിൽ ഒരു പ്രതിബന്ധവും അച്ചന്റെ മുന്നിൽ തടസ്സം സൃഷ്ടിച്ചില്ല. അവർക്കുവേണ്ടി മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടുന്ന തിനു മടി കാണിച്ചിരുന്നില്ല.

സമൂഹത്തിന്റെ സൗത്ത്കാനറ മിഷന്റെ വളർച്ചയെക്കുറിച്ച് അവലോകനം ചെയ്യുമ്പോൾ തോമസച്ചന്റെ പ്രേഷിതതീക്ഷ്ണത നിസ്തുലമായ സംഭാവനകൾ അവിടെ നല്കിയിട്ടുണ്ടെന്ന കാര്യം വിസ്മരിക്കാനാവില്ല. ഏതാണ്ട് മൂന്നുതവണ അച്ചൻ അവിടേക്ക് നിയമിക്കപ്പെട്ടിട്ടുണ്ട്. എപ്പോഴും സന്തോഷത്തോടെ അവിടേക്കു പോകാൻ അച്ചൻ തയ്യാറായിരുന്നു. അവിടുത്തെ കാര്യങ്ങൾ പറയു മ്പോൾ തോമസച്ചൻ വാചാലനാകുമായിരുന്നു. ആ മിഷനുവേണ്ടി ഏറെ കഷ്ടപ്പെട്ടിട്ടുള്ള ഒരു സമൂഹാംഗമാണ് അദ്ദേഹം. നെടുമങ്ങാട്ടു മിഷനിലും തോമസച്ചൻ കുറച്ചുകാലമേ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും തൃപ്പാദത്തിന്റെ സുസ്ഥിതിക്കും ഏല്പിച്ച പള്ളികളിലെ ജനങ്ങളുടെ ഉന്നമനത്തിനും അച്ചൻ കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്. ഒരു തികഞ്ഞ പ്രേഷിതവര്യൻ എന്നതിനോടൊപ്പം കൃഷി കാര്യങ്ങളിലും ആഭിമുഖ്യം ഉള്ള ഒരാളായിരുന്നു അദ്ദേഹം. സമൂഹത്തിന്റെ മിക്കവാറും എല്ലാ എസ്റ്റേറ്റുകളിലും ചുമതലക്കാരനായി തോമസച്ചൻ നിയമിതനായിട്ടുണ്ട് എന്ന വസ്തുത ഇവിടെ പ്രസ്താവ്യമാണ്.

ബഥനിയുടെ ഈ പ്രേഷിതശ്രേഷ്ഠൻ പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു. ആരോഗ്യവാനായിരുന്ന കാലയളവിൽ പൊതുപ്രാർത്ഥനകളിൽ പങ്കുചേരുവാനുള്ള നിഷ്കർഷ മനോഭാവം അച്ചനുണ്ടായിരുന്നു. എത്ര കഠിനാദ്ധ്വാനം കഴിഞ്ഞുവന്നാലും പൊതു പ്രാർത്ഥനകൾ മുടക്കുവാനദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. വ്യക്തിപരമായ പ്രാർത്ഥന, ധ്യാനം, വാർഷികധ്യാനം ഇവയ്ക്കെല്ലാം പ്രത്യേക പ്രാധാന്യം അദ്ദേഹം നല്കിയിരുന്നു. ആഴമേറിയ ഒരു പ്രാർത്ഥനാ

www.malankaralibrary.com

ജീവിതത്തിന്റെ അടിസ്ഥാനത്തിൻമേൽ ഉയർത്തപ്പെട്ട സന്യാസ വൈദിക ജീവിതത്തിനുടമയായിരുന്നു തോമസച്ചൻ. പരിശുദ്ധ ദൈവ മാതാവിനോടും ജപമാലയോടുമുണ്ടായിരുന്ന അച്ചന്റെ സവിശേഷ ഭക്തിയും ഈ പശ്ചാത്തലത്തിൽ എടുത്തു പറയേണ്ട കാര്യമാണ്. രോഗാവസ്ഥയിലും ശയ്യാവലംബിയായിരുന്നപ്പോഴും ജപമാല ചൊല്ലുന്നതിൽ യാതൊരു കുറവും വരുത്തിയിരുന്നില്ല. ഈ ജപമാല ഭക്തന്റെ ജീവിതാന്ത്യം ജപമാല മാസമായ ഒക്ടോബർ അവസാനം തന്നെയായത് വിചിന്തനീയമായ ഒരു വസ്തുതയാണ്, അത്ഭുതകരമായ പ്രതിഭാസമാണ്.

ബഹു.തോമസച്ചാ, അങ്ങയുടെ അടങ്ങാത്ത പ്രേഷിത തീക്ഷ്ണത, ജീവിതലാളിത്യം, സാഹോദര്യമനോഭാവം ഇവയെല്ലാം ബഥനിയിലെ പിൻതലമുറയ്ക്ക് അനുകരണീയമായ വിലപ്പെട്ട പൈതൃകമാണ്. 'സുവിശേഷം പ്രസംഗിക്കുന്നവന്റെ പാദങ്ങൾ എത്ര മനോഹരം' എന്ന് വി.പൗലോസ് സാക്ഷിക്കുന്നു. സുവിശേഷം പ്രചരിപ്പിക്കുവാൻ വിനിയോഗിച്ച മനോഹരമായ ആ പാദങ്ങളോടും വശ്യമായ പുഞ്ചിരി തൂകുന്ന അധരങ്ങളോടും സമാധാനത്തോടെ പോവുക. മഹത്വത്തിന്റെ നീലയങ്കി നമ്മുടെ നാഥൻ അങ്ങയെ അണിയിക്കട്ടെ.

**"നിരന്തരമായ സഹനത്തിന്റെയും, നമ്മോടുതന്നെയുള്ള ഒരു പോരാട്ടത്തിന്റെയും, അഥവാ നമ്മെത്തന്നെ ത്യജിക്കുന്നതിന്റെ ഫലമാണ് രക്ഷയെന്നത് എത്രയോ ശരിയാണ്. നിത്യസൗഭാഗ്യത്തെപ്രതി സഹിക്കാൻ നമ്മിൽ എത്രപേർ തയ്യാറാകുന്നുണ്ട്? എന്നാൽ മരണസമയത്ത് നമുക്ക് ആശ്വാസം നല്കുന്നത്, സഹനത്തിന്റെ അവസരങ്ങൾ നാം നന്നായി വിനിയോഗിച്ചു എന്ന ചിന്തയായിരിക്കും. യഥാർത്ഥ ക്രിസ്തീയ ജീവിതം എന്നത് ആത്മപരിത്യാഗത്തിന്റെയും കുരിശിന്റെയും ജീവിതമാണ്".**

**– ക്രിസ്താനുകരണം**

www.malankaralibrary.com

# A Tribute to Father Achacha

**Mr. Eapachen Vadavana Abraham**
(Thomaschan's Brother)

Father Thomas Vadavana to all, but to me and my family, he was Father Achacha. More a father figure than a brother. In my younger days, he was a "Punekaran" to me. He came home for holidays invariably during the Easter season, during which he spent most of his time in Church and with the parish priest.

From childhood his love and responsibility to his home was very evident. This was seen when he left for Pune after his schooling and got a good job in the National Defence Academy. He even supported his siblings by ensuring that they settled into good jobs.

In 1971, he quit his job and returned to Kerala to do the will of his Abba Father in heaven and joined the seminary. Our Fr. Achacha so blessed, to be able to be a dutiful son to his heavenly and earthly father during his life on this earth.

The earliest memory I have as the youngest among six siblings was accompanying Fr. Achacha as he left home to join priesthood at Thirumoolapuram Bethany Ashram. I visited him when he was posted at South Kanara, Katanam, Tripadam, where he took me to visit the families in his parish. He was like a family member to all of them and this spoke volumes of his devotion and empathy to his parishioners. The money given to him on several occasions to buy new cassocks, almost always went to the poor and needy. He would always say "They need it more than I need a new cassock".

www.malankaralibrary.com

As I stood before his grave almost 40 years later, I marvelled at his dedication as a priest, his simplicity, his love for humanity and how through his selfless ways he spread the essence of Christ.

My wife, Mary, has fond childhood memories of Fr. Achacha visiting her family in Pune. He was the matchmaker and celebrant at our wedding too. Mary will always remember Fr. Achacha's trademark joyous laugh, which she describes went all the way to his eyes. He had an infectious enthusiasm for everything, whether it was meeting people, farming or tips on cooking.

To my children Edwina and Merlyn, Fr. Achacha was an ever smiling and warm-hearted person. In a world which struggles for time; he always made sure to make the time to visit all family and friends, wherever he went. He was instantly loved by all, old and young alike. When asked, what we should bring for him he'd say, diabetic chocolates.

Fr. Achacha you'll be fondly remembered as a true man of God, who stood by his commitment to the Church, our family and the community.

You will always be in our hearts.

We miss you.

Goodbye dearest Achacha. We pray you continue to enjoy the company of our Lord.

"Two wings life man above earthly things: Simplicity and purity. Simplicity must be in the intention, purity in the affection. Simplicity intends God, purity comprehends him and tasks him."
(The Imitation of Christ, Chapter 4:1)

www.malankaralibrary.com

# ബഥനിയിലെ സ്നേഹത്തിന്റെയും നന്മയുടെയും പ്രഭാകിരണം.

**റവ. സി. അനെറ്റ് എസ്.ഐ.സി.**

കാലത്തിന്റെ കറുത്ത ചക്രവാളത്തിൽ സ്നേഹസൂര്യനായി ഉദിച്ചുയർന്ന പ്രഭാകിരണമാണ് ഞങ്ങളുടെ തോമസച്ചൻ എന്ന് വിളിക്കുന്ന ഫാ.തോമസ് വടവന. 1939 ഫെബ്രുവരി മാസം 2-ാം തീയതി വടവന പൊയ്കയിൽ വീട്ടിൽ ഈശോ എബ്രഹാമിന്റെയും, ഏലിയാമ്മ എബ്രഹാമിന്റെയും അഞ്ച് മക്കളിൽ ഒന്നാമനായി ജനിച്ചു. ജോഷ്വാ എന്ന നാമധേയത്തിൽ മാമ്മോദീസാ സ്വീകരിച്ചു. പത്തനംതിട്ട ജില്ലയിൽ കുന്നന്താനം ഗ്രാമത്തിലാണ് വളർന്നത്. വിണ്ണിലും മണ്ണിലും പതിഞ്ഞുകിടക്കുന്ന ദൈവത്തിന്റെ കാല്പാടുകളെ കണ്ടെത്തി ആ പാദമുദ്രകളെ അനുധാവനം ചെയ്ത്, അങ്ങനെ പരമസൗന്ദര്യമായ ദൈവത്തിൽ എത്തിച്ചേർന്ന തോമാചാച്ചന്റെ സ്മരണയ്ക്കുമുമ്പിൽ ഞങ്ങളുടെ ഹൃദയസ്പർശിയായ ഏതാനും ഓർമ്മകൾ കുറിക്കുകയാണ്. തോമാചാച്ചന് ഞങ്ങളുടെ കുടുംബത്തിലും, വ്യക്തിജീവിതങ്ങളിലും സുപ്രധാനമായ സ്ഥാനമായിരുന്നു ഉള്ളത്. 1981-ൽ പപ്പായേയും പറക്കമുറ്റാത്ത ഞങ്ങൾ നാല് മക്കളേയും വിട്ട് ഞങ്ങളുടെ മമ്മി നിത്യവസതിയിലേക്ക് യാത്ര പറഞ്ഞപ്പോൾ താങ്ങും തണലുമായി നിന്നതും, നാല് വർഷത്തോളം ഞങ്ങളെ വളർത്തിയതും, ആശ്വസിപ്പിച്ചതും, കൂടെകൊണ്ടു നടന്നതും ഞങ്ങളുടെ തോമാചാച്ചനും അച്ചന്റെ അമ്മച്ചിയും ആയിരുന്നു. ഞങ്ങളുടെ കാര്യത്തിൽ പ്രത്യേക കരുതലും, അന്വേഷണവും ബാല്യമുതൽ അവസാന നിമിഷങ്ങൾ വരെയും ഉണ്ടായിരുന്നു എന്നത് യാഥാർത്ഥ്യമാണ്.

1987-ൽ പ്രീഡിഗ്രി പഠനം പൂർത്തിയാക്കിയ ഞാൻ മദർ തെരേസായുടെ മഠത്തിൽ ചേരാൻ ആഗ്രഹം ഉന്നയിച്ചപ്പോൾ, മലങ്കര സഭയേയും, സന്യാസത്തേയും അവഗാഢമായി സ്നേഹിച്ച തോമ്മാച്ചൻ. ബഥനി മഠത്തിൽ ചേർന്നാൽ മതി എന്നു പറഞ്ഞ് തിരുമൂലപുരം മഠത്തിൽ കൊണ്ടാക്കിയതും ഞാൻ നന്ദിയോടെ ഓർക്കുകയാണ്. എന്നു മാത്രമല്ല ദൈവവിളി പ്രോത്സാഹനാർത്ഥം വൈദിക ജീവിതത്തിലേക്ക് അജി അച്ചനേയും, സമർപ്പണ

www.malankaralibrary.com

ജീവിതത്തിലേക്ക് സി.ആനി മരിയയേയും കൈപിടിച്ച് നടത്തുകയും, മക്കളെ ദൈവവേലയ്ക്കായി വിടുന്നതിൽ പിൻതിരിപ്പിക്കരുത് എന്ന് പറഞ്ഞ് പപ്പായെ ഉദ്ബോധിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്തു. വീട്ടിലെ എല്ലാ പ്രധാനപ്പെട്ട കൂടികാഴ്ചകളിൽ അച്ചന്റെ നിറസാന്നിദ്ധ്യം ഉണ്ടായിരുന്നു. ഞങ്ങളുടെ കൂടിക്കാഴ്ചകളിൽ അച്ചൻ പറയുന്ന വാക്കുകളാണ് ഒരുമിച്ച് കൂടാനുള്ള അവസരങ്ങൾ ഉണ്ടാക്കണം. പരസ്പരം ബലപ്പെടുത്തണം. സമൂഹ ത്തേയും, അധികാരികളെയും എല്ലാവരേയും സ്നേഹിക്കണം, കരുതണം, വിനയത്തോടെ ജീവിക്കണം എന്നൊക്കെ ഞങ്ങളുടെ ജീവിതയാത്രയിൽ, അമ്മയില്ലാതെ വളർന്ന ഞങ്ങൾക്ക്, അമ്മയായും, ജ്യേഷ്ഠനായും, ആത്മീയഗുരുവായും, ഒക്കെ നടന്ന തോമാച്ചൻ ഞങ്ങൾക്ക് കരുത്തായിരുന്നു എന്ന് ആത്മാഭിമാനത്തോടെ രേഖപ്പെടുത്തുകയാണ്.

സഭയുടേയും, സമൂഹത്തിന്റെയും, രാഷ്ട്രത്തിന്റെയും ഏറ്റവും വലിയ വിഭവശേഷിയും, ക്രിയാത്മകശക്തിയുടെ ഉറവിടവുമാണ് അച്ചൻ. സഭയ്ക്കും സമൂഹത്തിനും ഞങ്ങൾക്കും ഒരിക്കലും മറക്കാൻ പറ്റാത്ത വ്യക്തിത്വമാണ് അച്ചന്റേത്. ഞങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുകയും, കരുതുകയും, എന്നുവേണ്ട ഏത് പ്രതിസന്ധി കളിലും, വഴികാട്ടിയായി കൂടെ നിന്ന സ്വന്തം അച്ചൻ. മഹനീയവും, സ്നേഹസമ്പുഷ്ടമായ ജീവിതത്തിന്റെ ഉടമയും. ദൈവപരിപാലനയിൽ അടിയുറച്ച് ആശ്രയിക്കുകയും, സനാതന സത്യത്തിൽ ഉറച്ചു വിശ്വസിക്കുകയും, ജീവിക്കുകയും, മറ്റുള്ളവരെ സത്യത്തിന്റെ പാതയിലൂടെ ജീവിക്കാൻ പ്രേരിപ്പിക്കുകയും, അവസാന നാളുകളിൽ പോലും സമൂഹത്തിനും, സമൂഹാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്ത ഒരു ശ്രേഷ്ഠ പുരോഹിതൻ. ഒരു ആന യുടെ തലയെടുപ്പോടെ, സിംഹത്തിന്റെ ഗാംഭീര്യത്തോടെ, ഉറുമ്പിന്റെ സമ്പാദ്യത്തോടെ, ചിലന്തിയുടെ കഠിനപരിശ്രമത്തിലൂടെ എന്നവണ്ണം ജീവിക്കുകയും എന്നാൽ അതിനേക്കാൾ ഉപരി വിനയത്തോടെ ജീവിച്ച ഞങ്ങളുടെ തോമാചാച്ചൻ ഏവർക്കും മാതൃകയായിരുന്നു.

സഹജീവികളോടുള്ള കരുണയും, സ്നേഹവും അച്ചന്റെ വ്യക്തിത്വത്തിൽ അന്തർലീനമായിരുന്നു. അതുകൊണ്ടുതന്നെ തോമാചാച്ചന്റെ ജീവിതം സഭയ്ക്കും, സമൂഹത്തിനും വ്യക്തികൾക്കും

www.malankaralibrary.com

സാക്ഷ്യമാണ്. സ്നേഹനിധിയായ അച്ചന്റെ ഏതാനും ചില സവിശേ,തകൾ കുറിക്കട്ടെ. നിഷ്ഠാപരമായ ജീവിതത്തിന്റെ ഉടമയും കൂടെയുള്ളവരെ മനസിലാക്കാനുള്ള കഴിവും, പഠിച്ചറിഞ്ഞ സത്യങ്ങളെ ജീവിതാനുഭവങ്ങളാക്കാനുള്ള കഴിവും എന്നു മാത്രമല്ല ബഹുമാനപ്പെട്ട അച്ചൻ, സ്നേഹത്തിന്റെയും, സഹനത്തിന്റെയും, വിനയത്തിന്റെയും ക്ഷമയുടെയും പ്രഭപ്രസരിപ്പിച്ചുകൊണ്ട്, സ്നേഹം തന്നെയായ ദൈവത്തിന് സക്ഷ്യം വഹിച്ചുകൊണ്ട്, ജനഹൃദയങ്ങളിൽ സ്വർഗ്ഗത്തിൽ ആയിരുന്നുകൊണ്ട് ഇന്നും ജീവിക്കുന്നു. നിഗൂഢതകൾ ഇല്ലാത്ത ലളിതജീവിതം ആയിരുന്നു അച്ചന്റേത്. ആത്മപ്രശംസ ഇല്ലാതെ, പ്രശ്നങ്ങളെയും, വെല്ലുവിളികളെയും രോഗങ്ങളേയും, പീഡകളേയും സംയമനത്തോടെ നേരിടാനുള്ള കഴിവും, വേദനിക്കുന്നവരെ ആശ്വസിപ്പിക്കാനും, പാവങ്ങളോടുള്ള കരുതലും, രോഗീസന്ദർശനവും, തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള ശുഷ്കാന്തിയും തോമാചാച്ചന്റെ എടുത്തു പറയേണ്ട സവിശേഷതകളാണ്. ദൈവസന്നിധിയിൽ ഞാൻ ഒന്നും അല്ലാ എന്നും, എന്തെങ്കിലും ആയിരിക്കുന്നത് തമ്പുരാന്റെ കൃപയാലാണ് എന്നുമുള്ള ഉറച്ചബോധ്യം ആണ് അച്ചന്റെ വിനയത്തിന്റെ പ്രധാനകാരണവും ഉറവിടവും.

അനേകഹൃദയങ്ങളിൽ ഒളിമങ്ങാത്ത ശോഭയോടെ തെളിഞ്ഞു നിൽക്കുന്ന തോമാച്ചൻ സഭയ്ക്കും, സമൂഹത്തിനും ലോകത്തിനും വ്യക്തികൾക്കുംവേണ്ടി സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് മാദ്ധ്യം വഹിക്കുവാൻ ഞങ്ങളുടെ അച്ചൻ ഉണ്ട് എന്ന വിശ്വാസത്തോടെ ദൈവസന്നിധിയിൽ സമർപ്പിക്കുകയും അച്ചന്റെ ആത്മാവിന് നിത്യശാന്തി സർവ്വശക്തനായ ദൈവം പ്രധാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ആചാര്യേശാ, മിശിഹാ കൂദാശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

(കൊഹനൈത്താ)

www.malankaralibrary.com

# ഫാ. തോമസ് വടവന ഒ.ഐ.സി.
# നിഷ്കപടനായ ഒരു യഥാർത്ഥ ബഥാന്യൻ

ഫാ. മത്തായി കടവിൽ ഒ.ഐ.സി.

തോമസ് വടവനയച്ചനെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിൽ വരുന്ന വചനമാണ് യേശു നഥാനിയേലിനെ വിശേഷിപ്പിച്ച "ഇതാ, നിഷ്കടപനായ ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ" (യോഹ 4).

വി.യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന നഥാനിയേൽ (യോഹ 1:45-47; 21:2) സമാന്തര സുവിശേഷങ്ങളിലും നടപടിപുസ്തകത്തിലും ബർത്തലോമിയാ ആയിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. എന്തുകൊണ്ടാണ് യേശു നഥാനിയേലിനെ നിഷ്കപടൻ എന്ന് വിശേഷിപ്പിച്ചത് എന്ന് യേശു പറയുന്നില്ല. എന്നാൽ നഥാനിയേലുമായിട്ടുള്ള സംഭാഷണം അവസാനിപ്പിക്കുന്നത് എല്ലാവർക്കുമുള്ള ഒരു വാഗ്ദാനവുമായിട്ടാണ്. "സ്വർഗ്ഗം തുറക്കപ്പെടുന്നതും ദൈവദൂതന്മാർ കയറിപ്പോകുന്നതും മനഷ്യപുത്രന്റെമേൽ ഇറങ്ങി വരുന്നതും നിങ്ങൾ കാണും" (യോഹ 5). ആകാശത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്ന ഗോവണിയിലൂടെ ദൈവദൂതന്മാർ കയറുന്നതും ഇറങ്ങുന്നതും സ്വപ്നത്തിൽ കണ്ട യാക്കോബിന്റെ (ഉല്പ 28:10-22) അനുഭവത്തിന്റെ സാക്ഷാത്കാരമായി ഇതിനെ കാണാം. തോമസച്ചൻ ദിനംപ്രതി ദൈവവുമായി ആത്മസല്ലാപത്തിന് സമയം ചിലവഴിച്ച നിഷ്കടപനായ ഒരു യഥാർത്ഥ ബഥനിക്കാരനായിരുന്നു. ഞാൻ ആശ്രമത്തിൽ ചേർന്ന വർഷമാണ് (1979-1980) ആത്മാനന്ദച്ചനും വടവനയച്ചനും പട്ടം സ്വീകരിക്കുന്നത്. ഞങ്ങൾ ഒന്നാംവർഷവിദ്യാർത്ഥികളായി കോട്ടയത്ത് പരിശീലനം നടത്തുന്ന അവസരത്തിലാണ് രണ്ടുപേരും തിയോളജി പഠനംകഴിഞ്ഞ് കോട്ടയത്ത് എത്തിയത്. കോട്ടയം ജനറലേറ്റിൽ ഭരണസമിതിയംഗങ്ങളല്ലാതെ മൂന്ന് കൊച്ചച്ചന്മരും ഫാ.വിയാനി, ഫാ.ദാനിയേൽ കടകംപള്ളി, ഫാ.ജയിംസ് മാമ്മൂട്ടിൽ, 'ബഥനിയുടെ ബാവാ' ആയ ക്ലമന്റ് ബ്രദറും അടങ്ങുന്ന കൂട്ടായ്മയിലേക്ക് ഇവർ രണ്ടുപേരും വന്നുചേർന്നു. പക്വമതികളായ രണ്ടു ശെമ്മാശന്മാർ താടിയൊക്കെ നീട്ടി ജേക്കബ് അച്ചന്റെയും, പക്കോമിയോസ് അച്ചന്റെയും ശിക്ഷണത്തിൽ വി.കുർബാന ചൊല്ലി പഠിക്കുന്ന അവസരം. അവരുടെ ശുശ്രൂഷകരായി ഞങ്ങളും കൂടി. രണ്ടുപേരും

www.malankaralibrary.com

എല്ലാ ദിവസവും വൈകിട്ട് നന്നായി അദ്ധ്യാനിക്കുന്നത് കൗതുകത്തോടെ നോക്കിക്കാണുന്നത് ഒരു നല്ല അനുഭവമായിരുന്നു. ഇവരുടെ നിത്യവ്രതവാഗ്ദാനവും തിരുവല്ലാ അരമനയിൽ പോയി ശെമ്മാശപട്ടം സ്വീകരിച്ച് തിരിച്ചെത്തിയതും സന്തോഷത്തോടെ ഓർക്കുന്നു. അച്ചന്റെ പട്ടംകൊട ശുശ്രൂഷയിലും പുത്തൻ കുർബാന യിലും ഞങ്ങൾ പങ്കെടുത്തു. സെമിനാരി പരിശീലനത്തിന്റെ ആരംഭം മുതൽ തോമസച്ചനുമായി ഉണ്ടായിരുന്ന ഹൃദ്യമായ ബന്ധം അവസാന നാളുകൾവരെ കാത്തുസൂക്ഷിക്കാൻ കഴിഞ്ഞു. മീനങ്ങാടി ആശ്രമ ത്തിലും ദേശം പ്രൊവിൻഷ്യൽ ഹൗസിലും ഒരുമിച്ച് ജീവിച്ചയവസര ത്തിൽ അച്ചനെ കൂടുതൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും എനിക്ക് കഴിഞ്ഞു. അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിലേക്ക് കടന്നുവരുന്ന ഏതാനും കാര്യങ്ങൾ ഇവിടെ കുറിക്കുന്നു.

**1. സമർപ്പിത വഴിയിൽ**

തോമസച്ചന്റെ സമർപ്പണജീവിതം എനിക്ക് ഒരതിശയമായിരുന്നു. 2007-ൽ എന്നെ മീനങ്ങാടി ആശ്രമത്തിലേക്ക് നിയോഗിച്ചു. കൂട്ടിന് ആരുമുണ്ടായിരുന്നില്ല. ഈയവസരത്തിലാണ് വടവനയച്ചനെ മീനങ്ങാടിയിലേക്ക് നിയോഗിച്ചത്. പൂനാ മിഷനിൽ അല്ലലില്ലാതെ സന്തോഷമായി കഴിയുന്ന അവസരത്തിലാണ് മീനങ്ങാടിയിലേക്കുള്ള നിയമനം. സന്തോഷത്തോടെ കെട്ടും ഭാണ്ഡവുമായി മീനങ്ങാടിയി ലെത്തി. പ്രോവിൻസ് ആരംഭിച്ചശേഷമുള്ള (2000) ഏഴാമത്തെ നിയമനമായിരുന്നു ഇത്. (ചേലക്കര 2000, കല്ലാർ 2001, കടബ 2002, ചിറക്കൽ 2003, കോട്ടയം-ഗിരിദീപം 2005, പൂനാ-കിർക്കി 2006, മീനങ്ങാടി-2007) ഓരോ വർഷവും സ്ഥലംമാറ്റം. അതുംകേരള, കർണ്ണാടക, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ. ഒരു സ്ഥലത്തുനിന്നും ഏതെങ്കിലും പരാതികളുടെ അടിസ്ഥാനത്തിലായിരുന്നില്ല മാറ്റങ്ങൾ. മറിച്ച് നിയമിക്കപ്പെട്ട സ്ഥലങ്ങളിൽ ഒരു ആശ്രമാന്തരീക്ഷം സംജാതമാകാൻ തോമസച്ചന്റെ സാന്നിദ്ധ്യം പ്രയോജനപ്പെടുമെന്ന് കരുതിയാണ് അച്ചനെ നിയോഗിച്ചത്. ഇത് ഒരംഗീകാരം കൂടിയായി രുന്നു. സമൂഹജീവിതത്തിനുവേണ്ടി ആത്മാർപ്പണം നടത്തിയ തോമസച്ചനെപോലുള്ളവരുടെ ജീവിതമാണ് സമൂഹത്തിന്റെ ശക്തി.

തോമസച്ചനെ കുറിച്ചുള്ള ഒരാക്ഷേപം ആര് പറഞ്ഞാലും

www.malankaralibrary.com

വകവയ്ക്കുകയില്ല. തോമസച്ചൻ പറയുന്നതാണ് ശരിയെന്ന ഭാവമാണ്. തമാശരൂപത്തിൽ ഈ ആക്ഷേപം പറയുന്നവർക്കറിയാം തോമസച്ചന്റെ 'ആധികാരികത' ഭക്ഷണം, ചികിത്സ, കൃഷി... തുടങ്ങിയ മേഖലകളിൽ മാത്രമാണ് എന്ന വസ്തുത. അധികാരികളുടെ അറിവോടും സമ്മതത്തോടും കാര്യങ്ങൾ ചെയ്യുന്നതിൽ അച്ചൻ പുലർത്തിയ നിഷ്കർഷ എന്നെ അതിശയിപ്പിച്ചിട്ടുണ്ട്. ഉത്തരവാദിത്വപ്പെട്ടവർ ആധികാരികമായി പറയുന്നതിനോട് പൂർണ്ണമായും വിധേയപ്പെടുന്ന തോമസന്റെ മാതൃക അനുകരണീയമാണ്.

**കർഷകനായ തോമസച്ചൻ**

തോമസച്ചൻ ആധികാരികമായി പറയുന്ന ഒരു കാര്യമുണ്ട് - ബഥനി ആശ്രമത്തിൽ കൃഷി ആധികാരികമായി പഠിച്ച ഒരാൾ തോമസച്ചൻ മാത്രമാണെന്ന കാര്യം. ശരിയാണ് സെമിനാരി പഠനകാലത്ത് പൂനായിലെ കർഷിക സർവ്വകലാശാലയിൽ കൃഷിയെക്കുറിച്ച് ഒരു ഡിപ്ലോമ പാസ്സായ വ്യക്തിയാണ് തോമസച്ചൻ. പട്ടം കിട്ടിയ നാൾ മുതൽ മിഷൻ പ്രവർത്തനത്തോടൊപ്പം ബഥനി ആശ്രമത്തിന്റെ വിവിധ എസ്റ്റേറ്റുകളുടെ ചുമതലക്കാരനായി തോമസച്ചൻ നിയോഗിക്കപ്പെട്ടിട്ടുണ്ട്. നല്ലയിനം റബ്ബർ തൈകൾ റബ്ബർ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് കൃഷി ചെയ്യുന്നതിനും തോട്ടത്തിലെ ഇടകൃഷികൾ കൃത്യമായ നടത്തുന്നതിലും അച്ചൻ ജാഗ്രത പുലർത്തി. ഓരോ ആശ്രമങ്ങളിലും ബഹുവിധ കൃഷികൾ പ്രോത്സാഹിപ്പിക്കുകയും ഏതെങ്കിലും ഒന്നിന്റെ വിലയിടിവ് ആശ്രമത്തിന്റെ സാമ്പത്തികതയെ ബാധിക്കാത്തവിധത്തിൽ ക്രമപ്പെടുത്തുന്നതിനും അച്ചൻ ശ്രദ്ധ പുലർത്തിയിട്ടുണ്ട്. കൃഷിയോടൊപ്പം പശു, ആട്, കോഴി തുടങ്ങിയവയുടെ പരിചരണത്തിലും അച്ചൻ ശ്രദ്ധിച്ചിരുന്നു. ഗോബർഗ്യാസ് പോലുള്ള സംവിധാനങ്ങൾ ആരംഭിക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും അച്ചൻ ശ്രദ്ധ പുലർത്തിയിരുന്നു. കുറഞ്ഞ ചിലവിൽ കൂടുതൽ ഉല്പാദനം അച്ചന്റെ ലക്ഷ്യമായിരുന്നു. ഒരിക്കൽ എന്നെ ദേഷ്യം പിടിപ്പിച്ചതും എന്നാൽ സന്തോഷിപ്പിച്ചതുമായ ഒരനുഭവം കുറിക്കട്ടെ. മീനങ്ങാടി ആശ്രമത്തിൽ മനോഹരമായ ഒരു റോസാ തോട്ടമുണ്ടായിരുന്നു. ഒരിക്കൽ പൂനായിലെ ക്ലാസെല്ലാം കഴിഞ്ഞ് തിരിച്ചുവരുമ്പോൾ പൂന്തോട്ടം മുഴുവൻ കാട് പിടിച്ച് കിടക്കുന്നതുകണ്ട് ഞാൻ ജോലിക്കാരനോട് തിരക്കിയപ്പോൾ അദ്ദേഹം

www.malankaralibrary.com

പറഞ്ഞു, അത് കാടല്ല, ഉള്ളികൃഷിയാണ് എന്ന്. റോസിന് ഒഴിക്കുന്ന വെള്ളത്തിന്റ ചിലവിൽ ഉള്ളിയെ വളർത്തുന്നതിനും അതിലൂടെ കളകളെ ഒഴിവാക്കുന്നതിനുമുള്ള തോമസച്ചന്റെ കൃഷി ശൈലി രസകരമാണ്. കപ്പ, ചേന, കാച്ചിൽ, കിഴങ്ങ്, ഓമയ്ക്ക... തുടങ്ങിയ കൃഷികളിലൂടെ ആശ്രമത്തിന്റെ സ്വയം പര്യാപ്തത ഉറപ്പാക്കാൻ തോമസച്ചൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. കൃഷിയെ ഒരു ജോലിയായി അച്ചൻ ഒരിക്കലും സമീപിച്ചിട്ടില്ല. കൃഷി ആശ്രമസംസ്കൃതിയുടെ ഭാഗമായിട്ടാണ് അച്ചൻ സ്വീകരിച്ചത്. പക്ഷിമൃഗാദികളുടെ പരിചരണം സഹജീവികളുടെ പരിചരണം സഹജീവികളുടെ പരിചരണംപോലെ ആത്മാർത്ഥതയുള്ളതായിരുന്നു. അച്ചന്റെ വളർത്തുമൃഗങ്ങളെയെല്ലാം പേര് ചൊല്ലി വിളിക്കുവാൻ കഴിയുന്ന ഒരാത്മബന്ധം അച്ചൻ കാത്തുസൂക്ഷിച്ചിരുന്നു. പക്ഷിമൃഗാദികളെ സമയക്രമമനുസരിച്ച് വെള്ളവും ഭക്ഷണവും കൊടുക്കുന്നതിലും അച്ചൻ ശ്രദ്ധ വച്ചിരുന്നു.

**കരുണയുടെ മുഖം**

തോമസച്ചന്റെ ശുശ്രൂഷകൾ ദീർഘകാലം തുടർന്ന ഒരു സ്ഥലമാണ് നെടുമങ്ങാട്ടുള്ള തൃപ്പാദം ആശ്രമം (1992–2000). 2000–ൽ പ്രോവിൻസ് തിരിയുകയും അച്ചൻ നവജ്യോതി പ്രോവിൻസ് തെരഞ്ഞെടുക്കുകയും ചെയ്യാതിരുന്നെങ്കിൽ അത് ഒരുപക്ഷേ വീണ്ടും തുടരുമായിരുന്നുവെന്നെനിക്ക് തോന്നുന്നു. ഗബ്രിയേലച്ചന്റെ മനസ്സിൽ രൂപംകൊണ്ട ഒരു വലിയ ആദർശമാണ് തൃപ്പാദം. കത്തോലിക്കാ സഭയിൽ ശക്തിപ്രാപിച്ച ആശ്രമ ഐക്യ പ്രസ്ഥാനത്തോടും ഗാന്ധിയൻ ആദർശത്തോടും ചേർത്തു വച്ച പ്രസ്ഥാനം. ഒരു പ്രദേശത്തിന്റെ സവ്വതോന്മുഖമായ വളർച്ചക്കായി സമർപ്പിക്കപ്പെട്ട പ്രസ്ഥാനം. ഗബ്രിയേലച്ചന്റെ വ്യക്തിപരമായ സമർപ്പണത്തിലും നേതൃത്വത്തിലുമാണ് തൃപ്പാദം നടത്തപ്പെട്ടത്. തൃപ്പാദശുശ്രൂഷകൾ വ്യക്തികേന്ദ്രീകൃതമാകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിനെ ക്കുറിച്ച് വളരെയേറെ ചർച്ചകൾ 80–കളിൽ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നടന്നിരുന്നു. ഇതിന്റെ തുടർച്ചയായിട്ടാണ് തോമസച്ചന്റെ നിയമനം. ഗബ്രിയേലച്ചന്റെ ജീവിത വീക്ഷണത്തിനും സമർപ്പണ ത്തിനും ലവലേശം ഭംഗം വരുത്താതെ സമൂഹത്തിന്റെതന്നെ പ്രധാന പ്രവർത്തനമായി തൃപ്പാദത്തിന്റെ പ്രവർത്തനങ്ങളെ പരിവർത്തനം

www.malankaralibrary.com

ചെയ്തതിന്റെ പിന്നിൽ ഒരു 'തോമാച്ചൻ' ശൈലി ഉണ്ടായിരുന്നു വെന്നത് വിസ്മരിക്കാൻ പാടില്ല.

തോമസച്ചന്റെ ആശ്രമശുശ്രൂഷകളുടെ വസന്തകാലമായി 'തൃപ്പാദം' കാലത്തെ കാണാൻ കഴിയും. തൃപ്പാദത്തിലെ വ്യത്യസ്ഥ ങ്ങളായ 'സ്വയം തൊഴിൽ' പരിപാടികളും വൃദ്ധസദനത്തിലെ ശുശ്രൂഷകളും, അയൽകൂട്ട സന്ദർശനങ്ങളിലുമെല്ലാം തോമസച്ചൻ ഉൾച്ചേർന്നിരുന്നു. ഇക്കാലയളവിൽ നെടുമങ്ങാട് മിഷനിലെ വിവിധ ഇടവകകളിൽ വികാരിയെന്ന നിലയിൽ മിഷൻ പ്രവർത്തനത്തിൽ സജീവമായി ഉൾച്ചേർന്നു. അച്ചൻ നെടുമങ്ങാട് മേഖലയിലെ സമർപ്പിത കൂട്ടായ്മയുടെ (CRI) പ്രസിഡന്റായും ഈ അവസരത്തിൽ ശുശ്രൂഷ ചെയ്തു. അച്ചനെ ഒരു സാമൂഹിക പ്രവർത്തകൻ (social worker) എന്ന് വിശേഷിപ്പിക്കുവാൻ സാധിക്കുകയില്ലയെന്നാണ് എനിക്ക് തോന്നുന്നത്. മറിച്ച്, ഒരു സമർപ്പിതൻ പാർശ്വവൽക്കരിക്കപ്പെട്ടവരെ സഹോദരരായി കാണുകയും അവരിൽ ഒരാളായി ജീവിക്കുകയം ചെയ്യുന്ന സവിശേഷ ഭാവമാണ് തോമസച്ചനിൽ ഉണ്ടായിരുന്നത്. ഒരു ചെറിയ ഉദാഹരണം. അച്ചൻ തൃപ്പാദത്തിൽ ചെന്നയവസരത്തിൽ ഒരു ദിവസം റെയിൽവേ സ്റ്റേഷനിൽ നിന്നും ഏകദേശം അഞ്ചുവയസ്സ് പ്രായം വരുന്ന ഒരു അനാഥബാലനെ ലഭിച്ചു. ശ്രവണശേഷിയും സംസാരശേഷിയും ഇല്ലാത്ത ഒരു അനാഥ ബാലൻ. ആ പയ്യനെ അവിടെ നിർത്തി പരിചരിക്കുക സാധ്യമായിരുന്നില്ല. അതിനാൽ അവന്റെ സംരക്ഷണം പട്ടുവത്തുള്ള DSS സിസ്റ്റേഴ്സിനെ ഏല്പിച്ചു. ആ പയ്യനെ പരിയാരം അടുത്ത് കാരകുണ്ടുള്ള Don Bosco Speech & Hearing HSS-നോടനു ബന്ധിച്ചുള്ള ഒരു അഭയ കേന്ദ്രത്തിലാക്കി. ആ സ്ഥാപനത്തിന്റെ ചുമതലക്കാരിയായ സി.വന്ദന DSS അവന് ദീപു എന്ന പേർ നല്കി. അവിടെ സിസ്റ്റേഴ്സിന്റെ സഹായത്തോടെ +2 പഠനവും ഹോട്ടൽ മാനേജ്മെന്റ് കോഴ്സും പാസ്സായ ദീപു ഉമ്മൻചാണ്ടി സാറിന്റെ ജനസമ്പർക്കപരിപാടിയുടെ അവസരത്തിൽ അദ്ദേഹത്തിന്റെ ഇടപെടലിലൂടെ KTDCയിൽ ഒരു ജോലി ലഭിച്ചു വിവാഹിതനായി. ദീപു ഭാര്യയോടും രണ്ടു കുട്ടികളോടുമൊപ്പം സന്തോഷവാനായി ജീവിക്കുന്നു. തോമസച്ചൻ സ്വന്തം മകനായിട്ടാണ് ദീപുവിനെ കണ്ടത്. ആരോഗ്യമുള്ളപ്പോഴൊക്കെ കണ്ണൂരിലെ സഹോദരിയുടെയും ബന്ധുക്കളുടെയും ഭവനം സന്ദർശിച്ചശേഷം ദീപുവിനെ കണ്ടശേഷമേ

www.malankaralibrary.com

അച്ചൻ തിരിച്ചു വരുമായിരുന്നുള്ളു. അച്ചന്റെ പൗരോഹിത്യ രജതജൂബിലിയുടെ അവസരത്തിൽ ബന്ധുക്കളും സുഹൃത്തുക്കളും പ്രത്യേകിച്ച് ബാച്ചുകാരനായ തോപ്പിലച്ചൻ ജർമ്മനിയിൽ നിന്നു നല്കിയ സംഭാവനയും ദീപുവിനുവേണ്ടി അച്ചൻ മാറ്റിവച്ചു.

തോമസ് അച്ചന്റെ പേരിലുണ്ടായിരുന്ന അക്കൗണ്ടിലൂടെ നടന്ന ക്രയവിക്രയങ്ങൾ മീനങ്ങാടി ആശ്രമസുപ്പീരിയർ എന്ന നിലയിലും പിന്നീട് പ്രൊവിൻഷ്യൽ എന്ന നിലയിലും അല്പംപോലും മറയില്ലാതെ എന്നോട് പറഞ്ഞത് വലിയ പ്രചോദനമായി എനിക്കനുഭവപ്പെട്ടു.

മീനങ്ങാടിയിൽ ഞങ്ങളുടെ കൂടെ മൂന്ന് ആദിവാസികുട്ടികൾ താമസിക്കുന്നുണ്ടായിരുന്നു. കൂടാതെ വൈകിട്ട് സമയങ്ങളിലും അവധി ദിവസങ്ങളിലും പഠനത്തിനായി ധാരാളം പേർ വരുമായിരുന്നു. അവരോടൊപ്പമിരുന്ന് ഭക്ഷണം കഴിക്കുകയും അവരുടെ വിനോദ ങ്ങളിൽ പങ്കുചേരുകയും ചെയ്യുന്ന തോമസച്ചൻ കുട്ടികളെ ആവേശ ഭരിതരാക്കിയിരുന്നു. അവരുടെ WhatsApp group-ലൂടെ മരണവിവരം അറിയിച്ചപ്പോൾ തോമസച്ചന്റെ സ്നേഹവും കരുതലും നന്ദിപൂർവ്വം അവർ സ്മരിച്ചതും ഞാൻ സന്തോഷത്തോടെ ഓർക്കുന്നു.

മീനങ്ങാടി ആശ്രമത്തിൽ താമസിച്ചപ്പോൾ അച്ചന്റെ സഹായം സ്വീകരിച്ച പല ആളുകളും നന്ദി സൂചകമായി അച്ചനെ വന്നു കാണുകയും സംസാരിക്കുകയും ചെയ്യുന്നത് കാണുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അച്ചൻ വലിയ കാര്യങ്ങൾ ചെയ്തതായി നമുക്ക് തോന്നുകയില്ല. എന്നാൽ പഠിക്കുന്ന കുട്ടികൾക്ക് നല്കിയ ചെറിയ പഠനസഹായവും, ഭവനങ്ങളുടെ സുസ്ഥിതിക്ക് ഒരാട്ടിൻ കുട്ടിയെയോ, പശുക്കുട്ടിയോ.... ഒക്കെ നല്കി തികച്ചും സാധാരണക്കാരെ ബലപ്പെടു ത്തുന്ന കരുണയുടെ പ്രവൃത്തികൾ അച്ചൻ ചെയ്തുകൊണ്ടിരുന്നു. ചെറിയ ഉപദേശങ്ങളിലൂടെ, സംഭാഷണങ്ങളിലൂടെ പ്രതിസന്ധികളുടെ അതിജീവനത്തിന് സഹായകമായ വലിയ ചിന്തകൾ അവരുടെ ഹൃദയങ്ങളിൽ അച്ചൻ നിക്ഷേപിച്ചു.

**ആത്മീയ പിതാവ്**

മീനങ്ങാടി ആശ്രമത്തിന് സമീപമായി മൂന്ന് പരിശീലനഗ്രഹങ്ങൾ ഉണ്ടായിരുന്നു. വിൻസൻഷ്യൽ ആശ്രമത്തിന്റെയും, റൊഗേഷനിസ്റ്റ് സമൂഹത്തിന്റെയും നവസന്യാസ പരിശീലനകേന്ദ്രങ്ങളും

www.malankaralibrary.com

ഫ്രാൻസിസ്കൻ സഭക്കാരുടെ (TOR) പരിശീലനകേന്ദ്രവും (Juniorate) ഈ മൂന്ന് ഭവനങ്ങളുടെയും കുമ്പസാര പിതാവും ആത്മീയ നിയന്താവുമായി അച്ചൻ ശുശ്രൂഷ ചെയ്തിരുന്നു. സമീപ പ്രദേശങ്ങളിലെ വൈദികരും സിസ്റ്റേഴ്സും കുമ്പസാരത്തിനായി അച്ചനെ സമീപിച്ചിരുന്നു എന്നത് പ്രത്യേകം സ്മരണീയമാണ്. 2012–'15 കാലയളവിൽ അച്ചനെ ദേശം പ്രൊവിൻഷ്യൽ ആശ്രമത്തിൽ നിയമിച്ചതും ഈ ഒരു കാര്യം മുൻനിർത്തിയായിരുന്നു. ആലുവായിലെ സെമിനാരികളിൽ നിന്നും ഇതര സന്യാസ സമൂഹങ്ങളിൽ നിന്നും കുമ്പസാരത്തിനായി പലരും അച്ചന്റെയടുക്കൽ വരുമായിരുന്നു.

യാമനമസ്കാരങ്ങൾ കൃത്യമായി നടത്തുന്ന തോമസച്ചൻ ദിനംപ്രതി കൊന്തനമസ്കാരും വെള്ളിയാഴ്ചതോറും സ്ലീബാ പാതയും നടത്തുന്നതിൽ വീഴ്ച വരുത്തുമായിരുന്നില്ല. പത്രവായന കഴിഞ്ഞാൽ ബാക്കി സമയം ആത്മീയ വായനയ്ക്കായി അച്ചൻ മാറ്റിവച്ചിരുന്നു. സത്യദീപത്തിലും ഒസർവാത്തോരയിലും വന്നുകൊണ്ടിരുന്ന മാർപ്പാപ്പയുടെ പ്രബോധനങ്ങളും സഭയിലെ ഇതരസംവാദനങ്ങളും സൂക്ഷ്മതയോടെ അറിയുവാൻ ശ്രമിച്ചിരുന്നു. മീനങ്ങാടിയിലും ദേശത്തും താമസിച്ചിരുന്ന അവസരത്തിൽ ഞാൻ ശ്രദ്ധിച്ച മറ്റൊരു കാര്യം ദേവാലയ സംബന്ധമായ കാര്യങ്ങളും സൂക്ഷ്മമായ ക്രമീകരണങ്ങളുമായിരുന്നു. ദേവാലയമണികൾ സമയത്ത് കൃത്യമായി മുഴക്കുമായിരുന്നു. ആരാധനാവസരങ്ങളിൽ ദേവാലയത്തിലെ വിളക്കും തിരിയും ക്രമമായി സൂക്ഷിക്കുന്നതിനും, കെടാവിളക്ക് കെടാതെ പ്രകാശിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. യാമനമസ്കാരം മുടങ്ങാതെ നടത്തുന്നതിനും കൂദാശകൾ ഭക്തിയോടെ അനുഷ്ഠിക്കുന്നതിലും അച്ചൻ ജാഗ്രത പുലർത്തി. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആത്മീയ കൃത്യങ്ങൾക്കുമുപരി, തികച്ചും വ്യക്തിപരമായ ഒരു ആത്മീയ ജീവിതശൈലി അച്ചൻ സ്വായത്തമാക്കിയിരുന്നു.

**നിഷ്കപടനായ ബഥനിക്കാരൻ**

കാപട്യങ്ങളുടെ ലോകത്തിൽ കപടതകളില്ലാതെ ജീവിച്ച വ്യക്തിയാണ് തോമസച്ചൻ. തിരുവല്ലായ്ക്ക് സമീപം മുക്കൂർ എന്ന കൊച്ചു ഗ്രാമത്തിൽ ജനിച്ചുവളർന്ന തോമസച്ചൻ മാതാപിതാക്കന്മാരിൽ

www.malankaralibrary.com

നിന്നും സ്വാംശീകരിച്ച ആത്മീയതയ്ക്ക് കളങ്കം വരുത്തിയില്ല. ശുദ്ധഹൃദയനായ തോമസച്ചൻ ആരെയും അവിശ്വസിച്ചില്ല. NDAയിൽ സിവിലിയനായി ജോലിയിൽ പ്രവേശിച്ച തോമസച്ചൻ താമസിച്ചാണ് വൈദികവൃത്തിയിൽ പ്രവേശിച്ചത്. ജോലി ചെയ്തിരുന്ന അവസരത്തിൽ ചില കൂട്ടുകാരുമായുള്ള സൗഹൃദം അവസാന നാളുകൾ വരെ കാത്തുസൂക്ഷിച്ചിരുന്നു. എഴുത്തിലൂടെയും ഫോൺവിളികളിലൂടെയും അപൂർവ്വ അവസരങ്ങളിൽ ഭവനസന്ദർശനങ്ങളിലൂടെയും അച്ചൻ കാത്തുസൂക്ഷിച്ചു. ഈ സൗഹൃദത്തിന് മതത്തിന്റെ അതിർവരമ്പുകളില്ലായിരുന്നു.

തോമസച്ചൻ തന്റെ വിശ്വാസവും ബോധ്യവുമനുസരിച്ചാണ് ജീവിച്ചിരുന്നത്. അത് മറ്റുള്ളവരോട് പറയുന്നതിലും മടി കാണിച്ചിട്ടില്ല. എന്നാൽ തന്റെ അഭിപ്രായം സ്വീകരിക്കാത്തവരോട് അച്ചന് വിരോധവുമില്ല. അവരെ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കും. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ഒരു നന്മയ്ക്കും കുറവില്ലായെന്ന് വിശ്വസിച്ച തോമസച്ചൻ പ്രാർത്ഥനകളിലൂടെ ദൈവത്തിന്റെ ആത്മാവ് പ്രവർത്തിക്കുമെന്ന് വിശ്വസിച്ചു. യാക്കോബ് സ്വപ്നംകണ്ട, യേശു വാഗ്ദാനം ചെയ്ത ആത്മാവിന്റെ ദൈവസന്നിധിയിൽ നിന്നുള്ള വരവും ദൈവത്തിലേക്കുള്ള മടക്കവും മനസ്സിൽ ധ്യാനിച്ച് പ്രാർത്ഥിച്ച കപടതകളില്ലാതെ ജീവിച്ച തോമസച്ചാ, സമാധാനത്തോടെ പോകുക.

**''നമ്മേതന്നെ കലവറ കൂടാതെ ദൈവത്തിന് സമർപ്പിക്കുന്നതിന് നമ്മുടെ സ്വാർത്ഥത വെടിഞ്ഞ്, എല്ലാറ്റിലും ദൈവഹിതം തേടണം. നമ്മുടെ ജീവിതത്തിന്റെ അതിനാഥനായി അവിടുത്തെ സ്വീകരിക്കുകയും ന്മുടെ ഓരോ ചലനവും, അവിടുത്തെ കൃപാവരത്തിന് സമർപ്പിക്കുകയും ചെയ്യണം. അവിടുത്തെ സ്വായത്തമാക്കാനും, യഥാർത്ഥ സമാധാനം അനുഭവിക്കുവാനുമുള്ള ഏക മാർഗ്ഗം ഇത് മാത്രമാണ്'' (ക്രിസ്താനുകരണം അദ്ധ്യായം 27-വിചിന്തനം).**

www.malankaralibrary.com

# ഫേസ് ബുക്കിൽ നിന്നും ഒരു അനുശോചനാ കുറിപ്പ്

ഒരാൾ കൂടി മരിച്ചു. അച്ചാച്ചന്റെ മൂത്ത സഹോദരൻ.

പുരോഹിതനായിരുന്നു.

ഞങ്ങൾ പള്ളീലച്ചാച്ചൻ എന്ന് വിളിച്ചു.

സങ്കടമുണ്ടോയെന്ന് ചോദിച്ചാൽ ഇല്ല. കുറേയേറെ ഓർമകളുണ്ട്.

കുട്ടിക്കാലത്തെ പള്ളീലച്ചാച്ചൻ എനിക്ക് മുട്ടായിയായിരുന്നു. പഞ്ഞിപോലെ താടിയുമായി മാസങ്ങൾ കൂടുമ്പോൾ നാട്ടിലെ വീട്ടിലേക്ക് വന്നിരുന്ന പള്ളീലച്ചാച്ചന്റെ കുപ്പായപ്പോക്കറ്റ് മുഴുവൻ മിഠായിയായിരുന്നു. ഒറ്റ ദിവസം നിന്നിട്ട് മടങ്ങിയാലും ദിവസങ്ങളോടും നീണ്ടുനിന്ന മിഠായി മധുരം. സൗത്ത് കാനറ, ബത്തേരി, മീനങ്ങാടി, കട്ടപ്പന.... ദുർഘടമായ ഭൂപ്രദേശങ്ങളിലൂടെയായിരുന്നു യാത്ര. ഒരു ബൈക്കുണ്ടായിരുന്നു. ഇടക്കിടെ ബൈക്കിൽ നിന്ന് വീഴും. പരുക്ക് ഭേദമായി പിന്നെയുമെഴുന്നേറ്റ് ഓടി നടന്നു. ഒരാളോടും പിണങ്ങില്ല. വൈകിയാണ് പുരോഹിതനായത്. ഉദ്യോഗം രാജിവച്ച് പള്ളിയുടെ വഴിയിലിറങ്ങുംമുമ്പ് സഹോദരങ്ങളെ അതിജീവനത്തിന്റെ വഴിയിലൂടെ നടത്തിയിരുന്നു. അവരുടെ ദാരിദ്ര്യത്തിന്റെ ബാല്യകൗമാരങ്ങളെ ക്കുറിച്ചുള്ള കഥകളൊക്കെ ഞങ്ങൾ പുതുമുറക്കാർക്ക് കെട്ടുകഥകൾ പോലെ വിദൂരമായിരുന്നു.

എന്നെ വലിയ കാര്യമായിരുന്നു. മുതിർന്നപ്പോൾ അവിശ്വാസി യായി ഇടതുവശം ചേർന്ന് നടന്നപ്പോൾ ഞങ്ങൾ കലഹിച്ചിട്ടുണ്ട്. ഒരിക്കലും തിരുത്താൻ വന്നിട്ടില്ല.

ഒരു ഹിന്ദുപ്പെൺകുട്ടിയെ കല്യാണം കഴിച്ചപ്പോൾ പരിഭവി ച്ചെങ്കിലും പിണങ്ങിയില്ല.

ആദ്യത്തെ കുട്ടിയുണ്ടായപ്പോൾ മാമോദീസ മുക്കണ്ടേയെന്ന് ചോദിച്ചു. വേണ്ടെന്ന് പറഞ്ഞു. അന്ന് പരിഭവിച്ചത് പോലുമില്ല.

രണ്ടാമത്തെ കുട്ടിയുണ്ടായപ്പോൾ ആ ചോദ്യം പോലുമുണ്ടായില്ല. അവനെ ചേർത്തുപിടിച്ചു. എന്നെയോ, പൗർണമിയെയോ ടിവിയിൽ

www.malankaralibrary.com

കാണുമ്പോൾ ഒപ്പമുള്ളവരോട് ആവശേത്തോട് പറഞ്ഞു. അനിയന്റെ മോനാണ്, അവന്റെ ഭാര്യയാണ്.

അരൂരിലൊരു വീട് വെച്ചപ്പോൾ ആലുവയിലൊരാശ്രമത്തിൽ വിശ്രമത്തിലായിരുന്നു. വിളിച്ചു കൊണ്ടുവന്നു.

വീട് വെഞ്ചരിക്കാനുള്ള തയ്യാറെടുപ്പിലാണ് വന്നത്.

വേണ്ട, നടക്കില്ലെന്ന് ഞാൻ പറഞ്ഞു.

കൊണ്ടുവന്നതൊക്കെ തിരികെ സഞ്ചിയിൽ വച്ചെങ്കിലും മടങ്ങിയില്ല. വൈകുന്നേരം വരെ വന്നവരോടൊല്ലാം വർത്തമാനം പറഞ്ഞിരുന്നു.

പിന്നെയും കുറെക്കഴിഞ്ഞ്, അച്ചാച്ചൻ മരിച്ചപ്പോൾ കുഞ്ഞുങ്ങളെപോലെ കരഞ്ഞു.

വയ്യാതായി, പൂർണ വിശ്രമത്തിലേക്ക് മാറിയപ്പോൾ കാണാൻ ചെന്നപ്പോഴൊക്കെ ചേർത്തു പിടിച്ചു. അബ്ജോയെന്ന് വിളിച്ച് കൈ പിടിച്ച് തിരുമ്മി.

എല്ലാ സൗകര്യങ്ങളുടെയും നടുവിലിരുന്ന്, പ്രാദേശികമായും അല്ലാതെയും അധികാരത്തിന്റെയും സമ്പത്തിന്റെയും നിന്ന് ഇഷ്ടം പോലെ മൊത്തിക്കുടിക്കുന്ന പുരോഹിതരെയും, മെത്രാന്മാരെയും ഇഷ്ടംപോലെ കണ്ടിട്ടുള്ള എനിക്ക് പള്ളീലച്ചാച്ചൻ ഒരത്ഭുതമായി തോന്നുന്നു.

മോഹമുക്തനായിരുന്ന സന്യാസി.

ഇവിടെ എന്തിനെഴുതുന്നുവെന്ന് ചോദിച്ചാൽ,

എനിക്കിത് എഴുതിയേ പറ്റൂയെന്ന് തോന്നി... ആരോടെങ്കിലും പറഞ്ഞേ പറ്റൂയെന്ന് തോന്നി...

വിതക്കുന്നവരല്ല, മിക്കപ്പോഴും കൊയ്യുന്നത്...

**അബ്ജോ വടവന**

www.malankaralibrary.com

# അസാധാരണനായ സാധാരണൻ

**ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.**

**തപോവനം ബഥനി ആശ്രമം, അശോകപുരം, ആലുവ**

**ധീരസൈനികൻ**

അരശതാബ്ദിക്കാലം സന്യാസിയായും ഏതാണ്ട് നാല്പതു വർഷക്കാലം സന്യാസവൈദികനായും ജീവിച്ച് തന്റെ അരുമനാഥനായ കർത്താവിങ്കലേക്ക് വാങ്ങിപ്പോയ ബഹു.തോമസ് വടവന അച്ചനെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ബഹു.അച്ചന്റെ വേർപാടിൽ എല്ലാ പ്രിയപ്പെട്ടവർക്കും അനുശോചനം അർപ്പിക്കുന്നു.

**ത്യാഗസേവനം**

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ മിഷനറിയായും ഇടവക വികാരിയായും ആശ്രമസ്ഥനായും ശുശ്രൂഷ ചെയ്ത ബഹു.അച്ചൻ സാധാരണക്കാരുടെ ഇടയിലേക്ക് കടന്നുചെന്ന് പ്രവർത്തിക്കുന്ന പ്രകൃതക്കാരനായിരുന്നു. പൂനായിലും സൗത്ത് കാനറായിലും നെടുമങ്ങാട്ടു തൃപ്പാദത്തിലും മറ്റനേകം സ്ഥലങ്ങളിലും സന്യാസ സമൂഹം ആവശ്യപ്പെട്ട എല്ലായിടങ്ങളിലും ചുനക്കരയിലും മാവേലിക്കരയിലും ശുശ്രൂഷചെയ്ത് സാധാരണക്കാരുടെ സർവ്വസ്വവുമായി കടന്നുചെന്നു.

**ദൈവ പടയാളി**

നാഷനൽ ഡിഫൻസ് അക്കാഡമി പൂനായിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ബഥനി ആശ്രമത്തിലേക്ക് കടന്നു വരുവാൻ ബഹു.തോമസച്ചൻ തീരുമാനിക്കുന്നത്. സാഹസികമായ ആ ചുവടുപയ്പ് ഒരർത്ഥത്തിൽ വിസ്മയാവഹമായ തീരുമാനമായിരുന്നു. സുരക്ഷിതമായ ഒരു ജോലി ഉപേക്ഷിച്ച് ദൈവവേലയ്ക്കായി തീരുമാനിക്കുന്നത് അസാധാരണത്വം നിറഞ്ഞ ഒരു സംഭവമായിരുന്നു.

**ആത്മാർത്ഥതയുടെ ആൾരൂപം**

ആദ്യകാലം മുതൽ ബഹു.അച്ചനെ അടുത്തറിയാൻ സാധിച്ചവർക്കെല്ലാം ബഹു.അച്ചന്റെ ആത്മാർത്ഥത വായിച്ചെടുക്കുവാൻ

www.malankaralibrary.com

കഴിഞ്ഞിട്ടുണ്ട്. സാധുക്കളോടുള്ള പക്ഷം ചേരലിൽ വിശദീകരിക്കാവുന്ന നിലപാടുകളാണ് ബഹു.അച്ചൻ എല്ലായ്പ്പോഴും സ്വീകരിച്ചിട്ടുള്ളത്. പ്രായോഗികമായ ജീവിത യാഥാർത്ഥ്യങ്ങളെ കണക്കിലെടുക്കുന്ന ലളിതമായ ഒരു ജീവിതശൈലി ബഹു.തോമസ് വടവനയച്ചന്റെ സഹജമായ സിദ്ധിയായിരുന്നു.

**സഹനപർവ്വം**

ചുനക്കര സ്കൂളിന്റെ ആദ്യകാല പ്രവർത്തകനായിരുന്ന ബഹു.അച്ചന് ചില സാമൂഹ്യവിരുദ്ധരുടെ കയ്യേറ്റത്തിന് വിധേയനാകേണ്ടിവന്നു. ബഹു.നോർബർട്ടച്ചനോടൊന്നിച്ച് ബഹു.അച്ചൻ സഹിച്ച ത്യാഗങ്ങൾ ഒരു പോരാളിയുടെ ചിത്രം നമുക്ക് കാട്ടിത്തരുന്നു. എന്നെ ശക്തനാക്കുന്നവനിൽ എനിക്ക് എല്ലാം സാദ്ധ്യമാണ് എന്ന വി.പൗലോസ് അപ്പസ്തോലന്റെ വാക്കുകളാണ് ഇവിടെ നമ്മുടെ സ്മരണയിലെത്തുക.

**ദിനബന്ധു**

തൃപ്പാദത്തിലെ സാധുക്കളിൽ തന്റെ അരുമനാഥന്റെ മുഖം കാണുവാനും നെടുമങ്ങാട്ടെ സാധാരണക്കാരിൽ സമഭാവനയോടെ അടുത്ത് പ്രവർത്തിക്കാനും ദക്ഷിണകന്നഡയിലെ ജനസഹസ്രങ്ങളെ കരുതലോടെ ശുശ്രൂഷിക്കാനും കഴിയുക ഉന്നതമായ ഒരു ബഥാന്യൻ മനസ്സിനുമാത്രം സാധ്യമായ ഒരു സിദ്ധിയാണ്.

**സമചിത്തതയുടെ മാതൃക**

വലിയ സഹനത്തിന്റെ നാളുകളിൽ സമചിത്തതയോടെ വർത്തിക്കാൻ കഴിഞ്ഞതും ബഥാന്യൻ ആത്മീയതയുടെ പുണ്യശ്ലോകനായ മാർ ഈവാനിയോസ് പിതാവ് മലങ്കരയെയും ബഥനിയെയും പഠിപ്പിച്ച താപസ പാഠങ്ങളുടെ മാസ്മരികതയാണ്.

**നർമ്മരസത്തിന്റെ ആകർഷണം**

നർമ്മരസം നിറഞ്ഞുനിൽക്കുന്ന മനസ്സോടെ സ്വയം കാണാനും മറ്റുള്ളവർക്ക് ആശ്വാസം പകരാനും ബഹു.തോമസ് വടവന അച്ചന് സാധിച്ചതും വലിയ സവിശേഷതയാണ്. മഹാകവി അക്കിത്തം പാടുംപോലെ

www.malankaralibrary.com

ഒരു കണ്ണീർക്കണം മറ്റു
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം
ഒരു പുഞ്ചിരി ഞാൻ മറ്റു
ള്ളവർക്കായിച്ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു
സത്യനിർമ്മലപൗർണ്ണമി

(ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം)

**ഒരു പ്രഥമൻ**

പരിശുദ്ധ കാതോലിക്കാ ബാവാ കർദ്ദിനാൾ ബസ്സേലിയോസ് ക്ലീമീസ് പ്രസ്താവിച്ചതുപോലെ മല്ലപ്പള്ളി മുക്കൂർ ഇടവകയിൽ നിന്ന് ആദ്യമായി ആശ്രമസ്ഥനും വൈദികനുമായ ഫാ.തോമസ് വടവന ആ പ്രദേശത്തിന്റെ മുഴുവൻ അഭിമാനമായിരുന്നു. പിന്നീട് വൈദിക ജീവിതത്തിലേയും മറ്റും അനേകർ ആകർഷിക്കപ്പെടാൻ അത് കാരണമായി.

കേശവ് ചന്ദ്രസെൻ പറഞ്ഞതുപോലെ യേശു ദൈവത്തിന്റെ മനുഷ്യമുഖമാണെന്ന പ്രസ്താവംപോലെ സാധുക്കൾക്ക് യേശുവിന്റെ മുഖമുദ്രയായിരിക്കാൻ ബഹു.തോമസ് വടവന അച്ചന് സാധിച്ചു.

ബഹു.അച്ചനെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. "അവിടുത്തെ നോക്കിയവർ പ്രകാശിതരായി. അവർ ലജ്ജിതരാകയില്ല" (സങ്കീ 34:5).

**"കഞ്ഞിയിൽ ഒരു നുള്ള് ഉപ്പുപോലെ**
**ചില ജീവിതങ്ങൾ അലിഞ്ഞു ചേരുന്നു**
**വേറിട്ട് നില്ക്കാനായി അവർ ഇഷ്ടപ്പെടുന്നില്ല**
**എന്നിട്ടും എല്ലായിടത്തും അവരുണ്ടല്ലോ"**

**(ഒ.എൻ.വി.കുറുപ്പ്: ഉപ്പ്)**

www.malankaralibrary.com

# The Tale of a Lovely Grin

**Bro. Renju Francis**

*"He will wipe every tear from their eyes. Death will be no more; mourning and crying and pain will be no more, for the first things have passed away"* (Revelation 21:4).

They say 'people die, but their memories remain' but I think, even memories would die but tales about them remain. Fr. Thomas Vadavana, our dear Vadavana achan, was one of the best Bethanians I have seen. I consider myself truly blessed as I could be with him for some time. Whenever I think of him, the first thing that comes to my mind is his beautiful face with a lovely smile. He truly was a beautiful person;a person of good soul. The goodness in him was so evident that even those who approached him could see it and feel it. He was a person who had real care and love for his fellow beings. His concern for others was more than the concern for his own health. His health would be the second thing in his priority list. The first was always, for him, the satisfaction and happiness of the other. Anyone who has been a bystander with him in hospital would know this. He would first enquire whether the other person has had any food. Only then would he go on with his meals. He was also a person of unusual kindness.

Today we seldom see people who feel for the other. Fr Thomas was a person who felt and understood the pain and suffering of other people. He had an extraordinary gift of care and love. Many visited him just to be with him for some time. He understood the language of the young and the old. He was not biased to any particular type of persons. He treated everyone equally and with love. Love and care are two words that cannot be separated from

www.malankaralibrary.com

his life. He was also a gifted person with amazing missionary qualities.


He himself was a missionary and was able to bring many others nearer to God. There are many who still remember him with gratitude. One of the unforgettable qualities of Fr Thomas is his remarkable way of thanking others. Even if the help was small or even so small that it may not even seem like a help at all, he would still have a few words of gratitude for the person, before the person takes their leave. People today forget to even smile when they see each other. Fr Thomas would be a good example for us. He was a man of great simplicity. His simplicity and humility was much more explicit through his ‘apologies’. We may even think, apologizing for small things is quite unnecessary. He on the other side was very much particular about saying ‘sorry’ to any one, let it be young or old; if he felt that the mistake was on him. Humility of heart is much more overt than humility of deeds. Though he was not much active during his last years, his humble heart was always resonant with the rhythm of love.

His presence in the community was like the sun that makes the day bright. He would always fill the community with a new vigor. He had in him the potency to make robust a gloomy atmosphere. He had his own way of making a situation cheerful by cracking a joke. Whichever may be the community, he would sink in like a good father and a loving brother to many. Though he had a way of amusing others with his ‘roughness’ sometimes, he was a very kind person at heart. The moment he felt that he was curtailing or being an obstacle to the freedom of someone or unknowingly hurting someone, he would slowly move back. He was even very specific about following the norms and ways of a religious

www.malankaralibrary.com

community. In-spite of his age and experience, he was humble and obedient to the superiors. His life is a story which would be passed on to many by many. His deeds will surely be remembered by many. His mark of asceticism and robe of priesthood is still treasured in the hearts of many. Above all, the greatest joy is that he is up there, in his heavenly Father’s lap, praying and interceding for many. ‘The only true dead are those who have been forgotten.’ We can never forget him. How could we?

*“It was a pleasure meeting you, father. You touched my life and made me ponder over many things. May the heavenly Father fill you with heavenly happiness as you receive your crown of eternal life.”*



www.malankaralibrary.com

# തോമസ് അച്ചനെ ഓർക്കുമ്പോൾ

**ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.**

കോവിഡ് 19-ന്റെ ദാരുണമായ അവസ്ഥയിലൂടെ ലോകം മുഴുവൻ കടന്നു പോകുമ്പോൾ ബഥനിയിലെ ഒരാൾ കൂടി ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. ഏതാണ്ട് 82 വർഷങ്ങൾ ജീവിച്ച് പ്രവർത്തിച്ച് ജീവിതത്തിന്റെ നല്ലഭാഗം ബഥനിക്കും സഭയ്ക്കും സമർപ്പിച്ചതിനുശേഷമാണ് പ്രിയപ്പെട്ട തോമസ് അച്ചൻ കടന്നു പോയത്. ജനിച്ചവർ ഒക്കെ മരിക്കും എന്ന പ്രപഞ്ചനിയമത്തെ അംഗീകരിച്ചു കൊണ്ടുതന്നെ ബഹു.അച്ചൻ ബഥനിക്ക് നൽകിയ ജീവിതസാക്ഷ്യത്തിലെ ചില അംശങ്ങൾ മാത്രം താഴെ രേഖപ്പെടുത്തട്ടെ. ഏതാണ്ട് അച്ചനോട് ഒപ്പം ഒരു മിഷൻ പ്രദേശത്ത് 5 വർഷം ജീവിച്ചതിന്റെ പിൻബലവും പഠനകാലം മുതൽ അച്ചനെ വ്യക്തിപരമായി അറിഞ്ഞതിന്റെ അനുഭവവും, അച്ചനെപ്പറ്റി ദൈവജനവും, ആശ്രമാംഗങ്ങളും പറഞ്ഞ കാര്യങ്ങളുടെ നിജാവസ്ഥയുമാണ് ഈ വിശകലനത്തിന് ആധാരം. ഒരു വ്യക്തി നടത്തുന്ന വിശകലനം ആയതുകൊണ്ടുതന്നെ വ്യക്തിപരമായ മനസ്സിലാക്കലിന്റെ വിശദീകരണങ്ങളിൽ വ്യക്തിപരമായ ചിന്തയും സ്വാധീനവും കടന്നുവരുക സ്വാഭാവികമാണല്ലോ. അതുകൊണ്ടു തന്നെ ഈ വിശകലനത്തിന്റെ ആധികാരികത വ്യക്തിപരമായ ബന്ധവും, അച്ചനെ മനസ്സിലാക്കാനുള്ള ആഗ്രഹത്തിന്റെയും അനന്തര ഫലവുമാണ് ബഥനിക്ക് ജീവിതം തന്ന് കടന്നുപോയ ജ്യേഷ്ഠസഹോദരന്റെ സമർപ്പണത്തിന്റെയും പ്രകാശമാനമായ ജീവിതത്തിന്റെ മുന്നിൽ പ്രണാമം അർപ്പിച്ചുകൊണ്ട് വിശകലനത്തിലേക്ക് കടക്കട്ടെ.

സന്യാസത്തിന്റെ സത്താപരമായ മേന്മ "ഒന്നും ഇല്ലായ്മ" ആണല്ലോ? ഭാരതസന്യാസത്തിലും ക്രിസ്തീയ പാരമ്പര്യങ്ങളും സന്യാസി ഒന്നും ഇല്ലാത്തവനാണ്. ഭാരതത്തിന്റെയും ക്രിസ്തീയ സന്യാസത്തിന്റെയും ആരംഭത്തിൽ ഏറ്റം അധികം വില നൽകിയ ഒരു സത്യവും ദർശനവുമാണത്. ലോകത്തെയും അതിന്റെ മോഹങ്ങളെയും, അതിലെ സുഖങ്ങളെയും വേണ്ടാ എന്ന് വയ്ക്കുന്നത് ജീവിതത്തിലെ അന്വേഷണത്തിന്റെ "ഏകകാര്യം ഈശ്വരൻ ആണെന്നുള്ള ബോധ്യവും, ഈ ഈശ്വരനെ തേടി സന്തോഷത്തോടെ ജീവിതം ഈശ്വരനിൽ വിലയം പ്രാപിക്കാനുള്ള തൃഷ്ണയുമാണ്. തോമസ്

www.malankaralibrary.com

അച്ചന്റെ സമൂലമായ ജീവിതത്തെ എന്റെ എളിയ ജീവിത ബന്ധത്തിലൂടെ ഞാൻ മനസ്സിലാക്കിയ ഒന്നാമത്തെ സന്യാസ അനുഭവം. ഈ ഒന്നും ഇല്ലായ്മ അച്ചനെ ജീവിതം മുഴുവൻ പരിഭവം ഇല്ലാതെ "എല്ലാം ഉള്ളവനാക്കി.'' അവസാന കാലങ്ങളിൽ അച്ചൻ പറഞ്ഞ രണ്ട് വാക്കുകൾ ആണ് "സുഖം" "പ്രാർത്ഥിക്കണം" എന്നത്. സുഖത്തിനു വേണ്ടി എന്തും ചെയ്യാനും, പറയാനും മടിയില്ലാത്ത ആധുനിക സമർപ്പണജീവിതത്തിന് അച്ചൻ മൂകമായി നൽകുന്ന ഉദാത്തമായ ഒരു ആഹ്വാനമാണ് "ഒന്നും ഇല്ലാ"യെങ്കിൽ മാത്രമേ "എല്ലാം ഉള്ളവന്" അടിയറ വയ്ക്കാൻ കഴിയൂ എന്നത്. എല്ലാം നേടാനുള്ള മരണ പോരാട്ടത്തിൽ പരക്കം പാഞ്ഞ് ജീവിക്കുന്നവർക്ക് മൂകഭാഷയിൽ ഒന്നുമില്ലാത്തതിലുള്ള എല്ലാം സംലഭ്യമാകുന്ന സംതൃപ്തമായ ജീവിത സാക്ഷ്യം.

തോമസച്ചനെ ഓർക്കുമ്പോൾ അച്ചനെ തന്റെ ജീവിതത്തിലൂടെ നമുക്ക് നൽകിയ അനന്യസാധാരമായ ഒരു സത്യമാണ് അർഹിക്കുന്നവനു വേണ്ടി "കരം നീട്ടാനുള്ള" ശ്രദ്ധ. സമർപ്പണത്തിൽ ഇന്ന് നാം കരം നീട്ടുന്നത് നമുക്കു വേണ്ടിയാണല്ലോ? നമ്മുടെ വളർച്ച, സുസ്ഥിതി, ധാരാളിത്വം ഒക്കെ നമുക്കുചുറ്റും അടക്കി വാഴുമ്പോൾ നാം വിസ്മരിക്കുക നമ്മോട് ഒപ്പം ഉള്ളവരെ തന്നെ. നാം കരം നീട്ടുന്നതും നാം കരം പിടിപ്പിക്കുന്നതും നാം കരത്തിൽ ഒതുക്കുന്നതും, നമ്മുടെ കരങ്ങൾ മലിനമാകുന്നതും ഒക്കെ നമ്മെ പ്രതിയാണ്, നമുക്കു വേണ്ടിയാണ്. നമ്മുടെ പ്രവർത്തനം 'അവന്റെ പേരിൽ നാം നടത്തുന്ന സംരംഭങ്ങൾ, നമ്മുടെ സ്ഥാപനങ്ങൾ, പാവങ്ങളുടെ പേരിൽ നാം നടത്തുന്ന മിഷൻ വേലകളുടെ ഒക്കെ ആകെ തുക നമ്മുടെ ഉപജീവനം തന്നെ. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും സത്യം സത്യമാകാതെ വരില്ലല്ലോ. നമ്മുടെ ശുശ്രൂഷകളെ ഒക്കെ നമ്മുടെ ജീവിതക്രമങ്ങളുടെ പരിപാലനത്തിനും നടത്തിപ്പിലും രൂപപ്പെടുത്തി എടുക്കുവാനുള്ള ശേഷി നമ്മൾ അറിയാതെ തന്നെ നമ്മൾ നേടിയെടുക്കും. എന്നാൽ തോമസ് അച്ചന്റെ ജീവിതം മുഴുവൻ, നാം പരിശോധിച്ചാൽ അച്ചൻ അച്ചന്റെ ജീവിതകാലത്ത്, മിഷൻപ്രവർത്തനങ്ങളിൽ കരം നീട്ടിയത് അച്ചനുവേണ്ടിയല്ല. മറ്റുള്ളവർക്കു വേണ്ടിയാണ്. അച്ചനുവേണ്ടി ആയിരുന്നുവെങ്കിൽ അച്ചന്റെ കരങ്ങൾ വിടരാതെ നിറഞ്ഞ് ഇരിക്കുമായിരുന്നു. കരം നീട്ടിയത് കരം നിവർത്തി കൊടുക്കുവാനായിരുന്നു. സമർപ്പണത്തിൽ അത്മീയതയുടെ ഈ ലളിത പാഠം മനസ്സിലാക്കാൻ

www.malankaralibrary.com

ശ്രമിക്കുന്നതും അതനുസരിച്ച് വ്യാപരിക്കുന്നതും അനുഗ്രഹീതമല്ലേ? ആ പാഠം നമ്മെ ഓർമ്മപ്പെടുത്തി അച്ചൻ കടന്നുപോയി.

കോവിഡിന്റെ ഈ കാലത്ത് ധാരാളം നന്മ പ്രവർത്തികൾ ലോകം മുഴുവനിലും നാം കണ്ടു. നമ്മുടെ തന്നെ ആശ്രമാംഗങ്ങൾ അവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ ചെയ്ത സാമൂഹ്യസേവന ശുശ്രൂഷകൾ മത്സരിച്ച് മാധ്യമങ്ങളിൽ പ്രദർശിപ്പിച്ച് പ്രദർശനമാണ് കൂട്ട് പിടിക്കാനും, കൂടെ നിർത്താനും ശ്രദ്ധ പിടിച്ച് പറ്റാനുമുള്ള 'ഏകമാർഗ്ഗം' എന്ന് തെറ്റിദ്ധരിക്കപ്പെടുക. ആ മനോഭാവം ഉള്ളവരെ ഒന്നിച്ച് ചിന്തയിലും പ്രവർത്തനത്തിലും ഒന്നിച്ച് കൂട്ടുകയും ചെയ്യുന്നതാണോ  സമർപ്പണ ത്തിന്റെ ആത്മാവിലും ഇങ്ങനെയുള്ളവരെ ഭരിക്കുന്നത് ലോകത്തിന്റെ ആത്മാവുതന്നെ. ശാശ്വതമായ വിജയവും സംതൃപ്തിയും കിട്ടില്ല എന്നു മാത്രം. ഈ പരമസത്യം ജീവിതത്തിൽ മനസ്സിലാക്കി അതിനെതിരെ ജീവിച്ചവനാണ് തോമസ് അച്ചൻ. യാതൊരു താളമേളവും ഇല്ലാതെ, കൊട്ടും കുരവയും നടത്താതെ രഹസ്യങ്ങൾ അറിയുന്ന പിതാവിന്റെ പിൻബലത്തിൽ രഹസ്യമായി താൻ ശുശ്രൂഷ ചെയ്ത മേഖലകളിൽ ഒക്കെ പാവങ്ങളോട്, നിന്ദിതരോട്, പക്ഷം ചേർന്ന് അവർക്ക് തന്റെ ആത്മീയ ഭൗതിക ജീവിതത്തിൽ സംലഭ്യമായി നന്മകൾ രഹസ്യമായി പകർന്നു കൊടുത്തവനാണ്. "ഇടതുകരം ചെയ്യുന്നത് വലതുകരം അറിയരുത്" എന്ന തന്റെ ഗുരുവിന്റെ മൊഴികളെ സ്നേഹിച്ചവനും പ്രായോഗികമാക്കിയവനുമാണ് അച്ചൻ.

സന്യാസത്തോടും ആശ്രമജീവിതത്തോടും ആശ്രമത്തിന്റെ സ്ഥാവരജംഗമവസ്തുക്കളോടും അതിശ്രേഷ്ഠമായ ആത്മബന്ധവും അവ അന്യമാകാതെ നിത്യം കാക്കണം എന്ന തീക്ഷ്ണമായ ആഗ്രഹവും അതു പ്രകടമാക്കിയ ജീവിതവുമായിരുന്നു പ്രിയപ്പെട്ട തോമസ് അച്ചന്റേത്. സന്യാസം എന്ന പേരും, ആശ്രമം അന്തിയുറ ങ്ങുന്ന ഇടവും, ആശ്രമ സമ്പത്ത് പൊതുവായതുകൊണ്ട് വിയർക്കാതെ, ഭക്ഷിച്ച് സുഖിക്കാനുമുള്ള പ്രവണത, ശക്തമായ ഒരു കാലയളവിൽ അച്ചൻ തന്റെ ജീവിതത്തിലൂടെ പകർന്നു നൽകിയ ഉന്നതമായ മാതൃകയും സാക്ഷ്യവും നമുക്ക് വിസ്മരിക്കാതിരിക്കാൻ  കഴിയുമോ? സമർപ്പണത്തിൽ സംതൃപ്തി കണ്ടെത്തിയതുകൊണ്ടും ആശ്രമ ജീവിതം, ഉന്നതവും കുലീനവുമായ ഒരു ജീവിതചര്യയാണ് തിരിച്ചറിഞ്ഞതുകൊണ്ടും, ആശ്രമത്തിന്റേത് തന്റേതാണെന്ന് ബോധ്യപ്പെട്ടതുകൊണ്ടും അച്ചനെ ഈ ഒരു സാക്ഷ്യദർശനത്തിന്

www.malankaralibrary.com

പ്രേരിപ്പിച്ചത്. അച്ചന്റെ ആത്മാവ് സ്വർഗ്ഗത്തിലേക്ക് മരണത്തിലൂടെ എടുക്കപ്പെട്ടു എങ്കിലും അദ്ദേഹം നൽകിയ അടിസ്ഥാനപരമായ സന്യാസത്തിന്റെയും ജീവിതക്രമത്തിന്റെ ഓർമ്മകൾ മറക്കതെ പിൻതലമുറക്കാരായ നമ്മുക്ക് കാത്തുസൂക്ഷിക്കാം. അന്ത്യമൊഴിയായി പറഞ്ഞ വാക്കുകൾ "സമൂഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു' എന്നാണല്ലോ അതിന്റെ ഉള്ളർത്ഥം. കർമ്മം ചെയ്യുന്നവർ മാത്രമല്ല 'പ്രാർത്ഥിക്കുന്നവരും' വേണം എന്നുള്ളതല്ലേ? കർമ്മത്തോട് ഒപ്പം പ്രാർത്ഥനയുടെ ത്രാസും സന്തുലിതാവസ്ഥയിൽ നിൽക്കണമല്ലോ? കാലത്തിന്റെ ചുവരെഴുത്തുകളെ വായിക്കാനും, ശിഥിലമായിക്കൊണ്ടിരിക്കുന്ന 'ആത്മീയ ജീവിത പാപ്പരത്വം' അനുഭവിക്കുകയും ചെയ്യുന്ന ഈ കാലയളവിൽ പ്രിയപ്പെട്ട അച്ചന്റെ അന്ത്യമൊഴികളുടെ ആത്മാവിനെ നമുക്ക് വിവേചിച്ചറിഞ്ഞ് ജീവിക്കാനുള്ള വെല്ലുവിളി തനിമയാർന്നതും അതേസമയം അനുഗ്രഹപ്രദവും അനുകരണീ യവുമല്ലേ?

വേലയുടെ ആത്മീയത ജീവിതത്തിൽ ബോധ്യപ്പെട്ട് ജീവിച്ചവൻ തോമസ് അച്ചൻ. ചെയ്യുന്ന വേലകളെപ്പറ്റി കൃഷിയായാലും, കെട്ടിടം പണിയായാലും, ഭക്ഷണം പാകം ചെയ്യുന്ന രീതി ആയാലും തോമസ് അച്ചൻ അച്ചന്റെ ഒരു പ്രത്യേക രീതിയുണ്ട്. ആ രീതി ഒരാളുടെ അസ്തിത്വത്തിന്റെ ഭാഗമാണല്ലോ? സദാ കർമ്മനിരതനായ ഒരു വ്യക്തിയായിരുന്നു അച്ചൻ. മറുവാക്കിൽ കഠിനാദ്ധ്വാനം അച്ചന്റെ സമർപ്പണത്തോട് ചേർന്ന് നിന്നിരുന്നു. താൻ കരം നീട്ടിയത് മറ്റുള്ളവർക്കുവേണ്ടി. താൻ ജീവിച്ചത് കഠിന അദ്ധ്വാനത്തിലൂടെ. ഏതാണ്ട് 10 വർഷം ജോലി ചെയ്ത് ഭവനത്തിന്റെ സുസ്ഥിതിയുടെ ഭാഗമായ അച്ചന് നാഷണൽ ഡിഫൻസ് അക്കാഡമിയിൽ നിന്ന് ലഭിച്ച അദ്ധ്വാനത്തിന്റെ ആദ്യപാഠങ്ങൾ തന്റെ സമർപ്പണത്തിൽ ബോധപൂർവ്വം ഉപയോഗിച്ചു തോമസ് അച്ചൻ. ഒരു നിമിഷവും അടങ്ങിയിരിക്കാതെ വേല ചെയ്ത ഒരു ജീവിതക്രമം അച്ചന്റെ ഒരു ശ്രേഷ്ഠതയായിരുന്നു. ഏതു ജോലിയും പള്ളി, റബ്ബർ, പശുപരിപാലനം ഒക്കെ യാതൊരു മടിയുംകൂടാതെ ഒന്ന് ഒന്നിനെ അതിലംഘിക്കുന്നില്ല പരസ്പരം സമർപ്പണത്തിൽ പൂരകങ്ങളാണെന്നു മനസ്സിലാക്കി ജീവിച്ചവനാണ് അച്ചൻ. നാം ചെയ്യുന്ന ജോലികളെ തരംതരിക്കാനും അനുസരിച്ച് ഇന്നതുമാത്രമേ ചെയ്യുകയുള്ളൂ എന്ന് ശഠിക്കുന്നവരുടെയും, ജോലിയിൽ ബൗദ്ധികം, ശാരീരികം, ആത്മീയം എന്നൊക്കെ പറഞ്ഞ് വേർതിരിവുകൾ കാണിച്ച് സുഖമായി ജീവിക്കുന്ന ആധുനിക

www.malankaralibrary.com

സമർപ്പണത്തിൽ ഏല്പിക്കപ്പെടുന്ന ഏത് ജോലിയും തരം തിരിവ് കാണിക്കാതെ, പിറുപിറുക്കാതെ ചെയ്ത മാതൃകയുടെ സാക്ഷിയാണ് തോമസ് അച്ചൻ. നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം കഴിച്ചവൻ. സമർപ്പണത്തിൽ വേലയോടുള്ള സമീപനത്തിൽ സമൃയ്ക്കായ ഒരു ദർശനം നൽകി അച്ചൻ കടന്നുപോയി. കുറച്ചുകൂടി തരംതിരിവ് ഇല്ലാതെ വേല ചെയ്യുന്നത് ഉത്തമം എന്ന് കാണിച്ച ചരത്രിമാണ് അച്ചന്റെ ജീവൽഗന്ധിയായ ജീവിതം.

ധാരാളം കാര്യങ്ങൾ പ്രിയപ്പെട്ട തോമസ് അച്ചനെപ്പറ്റി രേഖപ്പെടുത്താനുണ്ട്. അദ്ദേഹത്തിന്റെ ത്യാഗപൂർണ്ണമായ ജീവിതം യാതൊരു മടിയും കൂടാതെ തന്റെ ശാരീരിക വേദനകൾ, മുറിവുകൾ വകവയ്ക്കാതെ തന്നെ ഏല്പിച്ച കാര്യങ്ങൾ ചെയ്യാനുള്ള തീക്ഷ്ണത, സമൂഹജീവിതത്തിൽ പ്രാർത്ഥനയ്ക്ക് മുഖ്യസ്ഥാനം കൊടുക്കുന്ന സമീപനം ഏവിടെ പോയാലും സന്ധ്യയ്ക്ക് തിരികെ വന്ന് തന്റെ സമൂഹത്തിലെ സന്ധ്യാപ്രാർത്ഥനയിൽ പങ്കുചേരാനുള്ള പരിശ്രമവും, ആഗ്രവും, സാധാരണക്കാരനെപ്പോലെ വസ്ത്രത്തിലും ഭക്ഷണത്തിലും ഒക്കെയുള്ള മിതത്വവും അച്ചനിൽനിന്ന് മനസ്സിലാക്കിയ അനുകരണീയ മായ സന്യാസ മാതൃകകൾ തന്നെ. തർക്കവും തത്വങ്ങളും സർവ്വസാധാരണമായി ആഘോഷിക്കപ്പെടുന്ന സമർപ്പണത്തിൽ തർക്കങ്ങൾ ഇല്ലാതെ വലിയ തത്വങ്ങൾ പറയാതെ, ജീവിതമാണ് സകല തർക്കങ്ങളുടെയും ഉത്തമ മാതൃകയെന്ന് സമർത്ഥിച്ചവനാണ് തോമസ് അച്ചൻ. ഈ മാതൃകകളോട് ജീവിക്കുന്നവരായ ബഥാന്യർ തുറവി കാട്ടുമ്പോൾ ആണല്ലോ അച്ചനെ നാം ബഹുമാനിക്കുന്നു, ആദരിക്കുന്നു എന്നൊക്കെ പറയുന്നതിന്റെ അർത്ഥം. ശവസംസ്കാരത്തിലും തുടർന്നുവരുന്ന ഓർമ്മകളിലും അവതരിക്കപ്പെട്ട സംസാരത്തേക്കാൾ ഉപരി അച്ചൻ സജീവമാകുന്നത് അച്ചന്റെ തന്നെ ആശ്രമ കുടുംബ ത്തിലെ അംഗങ്ങൾ അച്ചൻ ഉയർത്തിപ്പിടിച്ച ജീവിത സാക്ഷ്യ ദർശനം, കാണിച്ചുതന്ന സനാതന സത്യങ്ങൾ മനസ്സിലാക്കി ജീവിക്കുമ്പോഴാ ണല്ലോ. അച്ചന്റെ ആത്മാർത്ഥത, ജീവിതസമർപ്പണം, നിഷ്കങ്കമായ ജീവിത ക്രമങ്ങൾ ഒക്കെ, ദൈവം തമ്പുരാന്റെ സന്നിധിയിൽ അച്ചന്റെ ആത്മാവിന് മുഖ ദർശനം നൽകട്ടെ എന്ന് ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# അവൻ മരിച്ചപ്പോൾ മനുഷ്യവർഗ്ഗമാകെ മരിച്ചു

ഞങ്ങളുടെ പ്രിയപ്പെട്ടവൻ മരിച്ചപ്പോൾ, എല്ലാ ഇടങ്ങളിലുമുള്ള എല്ലാ വസ്തുക്കളും നിശ്ചലവും നിറം മങ്ങിയതുമായി. ആ സമയത്ത് പൂർവ്വദിങ്മുഖം ഇരുണ്ടതായി - അവിടെ നിന്നൊരു കൊടുങ്കാറ്റ് പൊട്ടിപ്പുറപ്പെട്ടു. അത് പ്രദേശം മുഴുവൻ തൂത്തുവാരി. ആകാശത്തിന്റെ കണ്ണുകൾ തുറക്കപ്പെടുകയും അടയ്ക്കപ്പെടുകയും ചെയ്തു. വലിയ ജലപ്രവാഹമെന്നപോലെ മഴ പെയ്തു - ആ ജലം അവന്റെ കൈകളിലും കാലുകളിലും നിന്ന് ഒഴുകി വന്ന രക്തത്തെ വഹിച്ചുകൊണ്ടുപോയി.

ഞാനും മരണമടഞ്ഞു. എന്നാൽ എന്റെ വിസ്മൃതിയുടെ ആഴങ്ങളിൽ അവൻ സംസാരിക്കുകയും ഉറപ്പിച്ചു പറയുകയും ചെയ്യുന്നതു ഞാൻ കേട്ടു. “പിതാവേ, അവരോടു ക്ഷമിക്കണമേ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല.”

അവന്റെ ശബ്ദം എന്റെ മുങ്ങിത്താണ ചൈതന്യത്തെ അന്വേഷിച്ചു. ഞാൻ തീരത്തേക്കു കൊണ്ടുവരപ്പെട്ടു.

ഞാനെന്റെ കണ്ണുകൾ തുറന്നു. അവന്റെ ധവളനിറത്തിലുള്ള ശരീരം മേഘങ്ങൾക്കെതിരെ തൂങ്ങിനിൽക്കുന്നതു ഞാൻ കണ്ടു. ഞാൻ ശ്രവിച്ച, അവന്റെ വാക്കുകൾ എന്റെയുള്ളിൽ രൂപം പ്രാപിച്ചു - ഞാൻ ഒരു പുതിയ മനുഷ്യനായി മാറി. പിന്നെ ഞാൻ ഒട്ടുമേ ദുഃഖിച്ചില്ല. തന്റെ മുഖാവരണം മാറ്റുന്ന ഒരു സമുദ്രത്തിനുവേണ്ടി ആരാണു ദുഃഖിക്കുക? അഥവാ ആകാശത്തിൽ ചിരിച്ചു നിൽക്കുന്ന ഒരു പർവ്വതത്തിനുവേണ്ടി ആരും ദുഃഖിക്കും?

ആ ഹൃദയം കുത്തിത്തുളയ്ക്കപ്പെട്ടപ്പോൾ ഹൃദയത്തിൽ നിന്നും ഇത്തരം വാക്കുകൾ പുറപ്പെടുവിക്കാൻ ഏതു മനുഷ്യനു കഴിയും? മനുഷ്യനിലെ ഏതു ന്യായാധിനാണ് അവനെ വിധിച്ച ന്യായാധിപനെ വെറുതെ വിടുക?

www.malankaralibrary.com

തന്നെക്കാളും സുനിശ്ചിതമായ കരുത്തോടെ സ്നേഹം എപ്പോഴെങ്കിലും വെറുപ്പിനെ വെല്ലുവിളിച്ചിട്ടുണ്ടോ?

എന്നെങ്കിലും ഇത്തരമൊരു കാഹളം സ്വർഗ്ഗത്തിനും ഭൂമിക്കുമിടയിൽ കേട്ടിട്ടുണ്ടോ?

വധിക്കപ്പെട്ടവന്, തന്റെ ഘാതകനോട് സഹതാപം ഉണ്ടായിരുന്നതായി ഇതിനുമുമ്പ് അറിയപ്പെട്ടിട്ടുണ്ടോ? ഒരു പെരുച്ചാഴിക്കുവേണ്ടി ഒരു കൊള്ളിമീൻ തന്റെ പാദചലനം സാവകാശമാക്കുമോ? കാലഭേദങ്ങൾക്കു തളർച്ചവരാം. കാലങ്ങൾക്കു പ്രായമേറാം – ഈ വാക്കുകൾ ഉച്ചരിച്ചു തീരുംമുമ്പേ – "പിതാവേ ഇവരോടു ക്ഷമിക്കണമേ. കാരണം അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല."

നിങ്ങളും ഞാനും വീണ്ടും വീണ്ടും ജനിച്ചാലും അവയെ കാത്തുപാലിക്കും.

ഇപ്പോൾ ഞാനെന്റെ ഭവനത്തിനകത്തേക്കു പോകുന്നു. എന്നിട്ട് അവന്റെ വാതില്ക്കൽ ശ്രേഷ്ഠനായൊരു യാചകനെപ്പോലെ നിൽക്കട്ടെ.

**ഖലീൽ ജിബ്രാൻ**

**"നമ്മോടുതന്നെ മരിച്ച്, നമുക്കുവേണ്ടി മരിച്ച ദൈവത്തിലും ദൈവത്തിനുവേണ്ടിയും ജീവിക്കുകയെന്നത് എത്ര ഉത്തമം! എന്നാൽ നിർഭാഗ്യവശാൽ പലപ്പോഴും നാം നമ്മെത്തന്നെ പ്രീതിപ്പെടുത്താനുള്ള വ്യഗ്രതയിൽ ദൈവിക കാര്യങ്ങളിലുള്ള ശ്രദ്ധയും താല്പര്യവും കുറഞ്ഞുപോകുന്നു. നമ്മുടെ അനുദിന ജീവിതചര്യകളിൽ ദൈവത്തിന് പ്രീതികരമായതു ചെയ്യുവാൻ നാം ബദ്ധശ്രദ്ധരായിരിക്കണം. ഇല്ലെങ്കിൽ എങ്ങനെ നാം രക്ഷ കൈവരിക്കും?"**

www.malankaralibrary.com

# മാർ ഈവാനിയോസിന്റെ ആശ്രമവാസം

മലങ്കരയുടെ മാർ ഈവാനിയോസും, അനുചരന്മാരും ബഥനി മലയിൽ വാസം തുടങ്ങിയിട്ട് നൂറ് വർഷങ്ങൾ പിന്നിടുന്നു. എന്തുകൊണ്ടാണ് വന്ദ്യപിതാവ് തന്റെ സന്യാസകൂട്ടായ്മയ്ക്ക് 'ആശ്രമം' എന്ന നാമം ചാർത്തിയത്. അതുവരെ മലയാളക്കരയിലെ സന്യാസ പ്രസ്ഥാനങ്ങൾക്ക് സുപരിചിതങ്ങളായിരുന്ന 'കൊവേന്തയും' 'ദയറായും' മാർ ഈവാനിയോസിന്റെ ചിന്താമണ്ഡലത്തെ സ്വാധീനിക്കാത്തത് എന്തുകൊണ്ട്. ലോകജീവിതത്തെ നിസാരമായി കരുതി 'ആശ്രമ ആദ്ധ്യാത്മികതയെ സഹർഷം പുൽകിയ ഒരു സന്യാസവര്യന്റെ ഓർമ്മയാചരണത്തിൽ ഈ ചോദ്യം പ്രസക്തമാണെന്ന് തോന്നുന്നു.

ശ്രമം (Srama) എന്ന മൂലത്തിൽ നിന്നാണ് ആശ്രമം എന്ന വാക്ക് രൂപപ്പെട്ടത്. ശ്രമത്തിനർത്ഥം സ്വയം അദ്ധ്വാനിക്കുക - മഹത്തമമായ ഒരു ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ ഒരുവൻ തന്നെ തന്നെ വ്യയം ചെയ്യുന്ന അവസ്ഥയാണ് ശ്രമം. ഭാരതീയസന്യാസത്തിൽ 'മഹത്തമമായ ലക്ഷ്യത്തിൽ - ഈശ്വരചൈതന്യത്തിൽ - എത്തിച്ചേരുന്നതിന് ഗുരുവും ശിഷ്യന്മാരും അഭ്യസിക്കുന്ന - ജീവിക്കുന്ന - തങ്ങളെതന്നെ വ്യയം ചെയ്യുന്ന ഇടമാണ് 'ആശ്രമം'.

ആൾദൈവങ്ങളും അവരുടെ ആവാസ സ്ഥലങ്ങളും ആശ്രമങ്ങൾ എന്ന മേൽവിലാസക്കുറിപ്പിൽ മുളച്ച് പൊങ്ങുമ്പോൾ ഭാരതീയ ദർശനത്തിലെ 'ആശ്രമസ്ഥാപനത്തിന്' ആധുനിക കാലഘട്ടത്തോട് വിളിച്ചു പറയുവാൻ അനേകം അർത്ഥതലങ്ങൾ ഉണ്ട്. ദൈവസാന്നിദ്ധ്യം അനുഭവിക്കുവാൻ 'ഗുരുവിനോടൊപ്പം ശിഷ്യഗണങ്ങൾ' പരിശ്രമിക്കുന്ന സ്ഥലമാണല്ലോ ആശ്രമം. അതുകൊണ്ടാകണം ആശ്രമ വാസികളുടെ 'തൊഴിൽ' സർക്കാർ രേഖകളിൽ 'ദൈവവിചാരം' എന്നായി പ്രത്യക്ഷപ്പെട്ടിരുന്നത്. ലോകത്തെ ദൈവീകതയിലേക്ക് ഉയർത്തുന്ന ശക്തികേന്ദ്രങ്ങളും ഊർജ്ജസ്രോതസുകളുമാണ് ആശ്രമങ്ങൾ. വന്ദ്യനായ ജി.ജോൺ അച്ചൻ സന്യാസ ആശ്രമത്തെ വരച്ച് കാട്ടുമ്പോൾ

www.malankaralibrary.com

ഇപ്രകാരം രേഖപ്പെടുത്തുന്നു (1) ആശ്രമം എന്ന ലേബൽ ഉള്ളതു കൊണ്ട് മാത്രം ആശ്രമമാകുകയില്ല. അനേകായിരങ്ങളുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിന് പ്രേരണയും, പ്രചോദനവും ശക്തിയും, സ്വാധീനതയും നൽകുന്ന കഴിയുന്ന ശക്തികേന്ദ്രങ്ങളായിരിക്കണം ഓരോ ആശ്രമവും. (2) ഇപ്രകാരമുള്ള 'ദൈവവിചാരകരുടെ' വാസഗേഹങ്ങൾ: ദൈവവും മനുഷ്യനും, മനുഷ്യൻ പരസ്പരവും, മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ആഴമായ അനുരഞ്ജനം സാധ്യമാക്കുന്ന ആത്മ സംസ്കാരത്തിന്റെ ഊർജ്ജസ്രോതസുകളായി ആശ്രമങ്ങൾ പരിണമിക്കുന്നു.


ഈ അനുഭവ ആവിഷ്കാരമാണല്ലോ മാർ ഈവാനിയോസിന്റെയും ശിഷ്യരുടെയും മുണ്ടൻമല വാസം - പിന്നെ അതിന് 'ആശ്രമം' എന്നല്ലാതെ മറ്റേത് നാമമാണ് മാർ ഈവാനിയോസ് നൽകേണ്ടത്.

**വാൽക്കഷണം:**

1950-കളിൽ മഹാരാഷ്ട്രയുടെ മണ്ണിൽ പറിച്ചു നടപ്പെട്ട 'ബഥനി ആശ്രമം' കേരളത്തിൽ നിന്ന് അന്നം തേടി അന്യനാടുകളിൽ പ്രത്യേകിച്ച് പൂനയിലും ബോംബെയിലും കുടിയേറിയവർക്ക് ആദ്ധ്യാത്മിക നവോത്ഥാനത്തിന് പ്രേരണയും, പ്രചോദനവും സ്വാധീനവും നൽകാൻ കഴിഞ്ഞ ശക്തികേന്ദ്രമായിരുന്നു. ഈ ഒരു അനുഭവം തന്നെയാണ് വന്ദ്യ തോമസ് വടവനയച്ചനെ ഒരു ആശ്രമവാസിയാക്കിയതും.

വി. തരകൻവീട്ടിൽ

www.malankaralibrary.com




Wish you a Very Merry Christmas

&

a Happy New Year!